

# ഹരിതകേരളം മിഷൻ

## ജലസംരക്ഷണ ഉപദൗത്യം

### പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ

ഒക്ടോബർ
2017



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

# സന്ദേശം

ജലലഭ്യതയിൽ സമൃദ്ധമായിരുന്ന കേരളം വേനൽക്കാലത്ത് കടുത്ത ജലക്ഷാമം നേരിടുകയാണ്. മഴ ലഭ്യതയിലെ സ്ഥിരതയില്ലായ്മ ജലമേഖലയിലെ നമ്മുടെ ആസൂത്രണത്തെ തകിടം മറിക്കുന്നു. കേരളത്തിന്റെ പ്രത്യേകതകളായ കുളങ്ങൾ, തടാകങ്ങൾ, ചതുപ്പുകൾ തുടങ്ങിയ സ്വാഭാവിക ജലസ്രോതസ്സുകൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ ജലസുരക്ഷ സംബന്ധിച്ച് ശുഭകരമല്ലാത്ത സൂചകങ്ങളാണ് ലഭ്യമായി കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ഹരിതകേരളം മിഷന്റെ ഉപദൗത്യമായി ജലസു രക്ഷ ഉൾപ്പെടുത്തിയിരിക്കുന്നത്.

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുകയും ലഭ്യമാകുന്ന മഴ പരമാവധി സംഭരിച്ച് വേനൽക്കാല ആവശ്യം നിറവേറ്റുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം ജലത്തിന്റെ ഉപയോഗം കുറയ്ക്കുകയും പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയും വേണം. ജനപങ്കാളിത്തത്തോടെ മാത്രമേ ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കാൻ സാധിക്കൂ. ഹരിതകേരളം മിഷന്റെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ മാർഗരേഖ ഏറെ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ



പിണറായി വിജയൻ



**മാത്യു ടി തോമസ്**
**ജലവിഭവ മന്ത്രി**

# സന്ദേശം

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ജലഉപ മിഷൻ പ്രവർത്തനങ്ങൾ ചിട്ടയായി ഏകോപിപ്പിക്കേണ്ടതുണ്ട്. ആദ്യഘട്ടത്തിൽ സ്വാഭാവിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ തുടങ്ങിയവയുടെ സംരക്ഷണവും ഏറ്റെടുത്തുകൊണ്ട് ജല മേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. ഇതൊരു ശ്രമകരമായ ദൗത്യമാണ്. കൃഷിക്കും കുടിവെള്ളത്തിനും ഉള്ള ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് പുറമേ ജലസംരക്ഷണത്തിന്റെ പാരിസ്ഥിതിക പ്രാധാന്യവും പരിഗണിക്കപ്പെടണം.

ജനകീയ കൂട്ടായ്മകൾ നദികളുടെ പുനരുദ്ധാരണം ഏറ്റെടുക്കുന്ന മാതൃക പലയിടത്തും രൂപപ്പെട്ടുവരുന്നത് ശുഭോദർക്കമാണ്. എന്നാൽ ഇത്തരത്തിൽ പുനരുദ്ധരിക്കപ്പെടുന്ന നദികളിലെ ജലസമൃദ്ധി നിലനിർത്തുന്നതും, അവ വീണ്ടും മലിനീകരിക്കപ്പെടാതെ കാത്തുസൂക്ഷിക്കുന്നതും വലിയൊരു വെല്ലുവിളിയാണ്. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ശക്തമായ നിയമങ്ങൾ ഇക്കാര്യത്തിലുള്ള സുപ്രധാനമായ ഒരു കാൽവെപ്പാണ്. ജലസേചന മേഖലയിലെ പ്രവർത്തനങ്ങളും കൂടുതൽ സുഗമമാകണം.

ഇങ്ങനെ വിവിധ രീതിയിൽ ജലവിനിയോഗത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള ഹരിതകേരളം മിഷന്റെ ജലമേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പ്രവർത്തകർക്ക് ദിശാബോധം നൽകുന്നതിനും ഈ മാർഗരേഖ സഹായകരമാകും എന്ന് പ്രത്യാശിച്ചുകൊണ്ട് എല്ലാ ആശംസകളും അറിയിക്കുന്നു

ആശംസകളോടെ

മാത്യു ടി തോമസ്



**ഡോ. കെ.എം. എബ്രഹാം**
**ചീഫ് സെക്രട്ടറി**

# സന്ദേശം

കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവ കേരളത്തിനായുള്ള കർമപദ്ധതികളുടെ ഭാഗമായ ഹരിത കേരളം മിഷൻ, സംസ്ഥാനത്തിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണല്ലോ. നമ്മുടെ വർധിച്ചുവരുന്ന ജല ആവശ്യം സംസ്ഥാനം കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയുടെ ഭാഗമാണ്. അതിനാൽ തന്നെ ജലസംരക്ഷണവും ഈ മേഖലയിൽ സുസ്ഥിരത കൈവരിക്കലും സംസ്ഥാനത്തിന് അനിവാര്യമാണ്. നമുക്ക് അത്ര പരിചിതമല്ലാതിരുന്ന പല ആവശ്യങ്ങൾക്കുമായി ധാരാളമായി ജലം ഉപയോഗിച്ചു തുടങ്ങിയതിനാൽ ഇതിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സാങ്കേതിക തികവുള്ള പരിപാടികൾ രൂപപ്പെട്ട് വരണം. ഹരിതകേരളം മിഷന്റെ ഉപദൗത്യമായ ജലസംരക്ഷണം ഭാവി തലമുറയെ ലക്ഷ്യമിട്ടുള്ളതാണ്. സംസ്ഥാനത്ത് ടൂറിസം, വ്യവസായം, വിവര സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കണമെങ്കിൽ ജലലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം നമ്മുടെ ജലാശയങ്ങളും മറ്റു ജലസ്രോതസ്സുകളും മാലിന്യമുക്തമായി പരിപാലിക്കപ്പെടണം. ഇവയൊക്കെ ചിട്ടയായി നടപ്പിലാക്കുന്നതിന് ജല ഉപമിഷന്റെ മാർഗരേഖ സഹായകരമാകട്ടെ.

ആശംസകളോടെ



ഡോ. കെ.എം. എബ്രഹാം



**ടിങ്കു ബിസ്വാൾ**
**ജലവിഭവ സെക്രട്ടറി**

# സന്ദേശം

വരൾച്ചയുടെ ദുരനുഭവങ്ങൾ നമുക്ക് ജല സുരക്ഷാ ഭീഷണിയുടെ മുന്നറിയിപ്പ് നൽകി കഴിഞ്ഞു. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി നമ്മുടെ ശരാശരിയിലും ഉയർന്ന മഴലഭ്യത കൊണ്ടുള്ള പ്രയോജനം ഇല്ലാതാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ധാരാളമായി പുതിയ ജലസംഭരണികൾ നിർമിച്ചു ജലശേഖരം നടത്തുക അസാധ്യമാണ്. മഴയെ മാത്രം ആശ്രയിക്കുന്ന നമ്മുടെ നദികൾ വേനൽക്കാലത്ത് ഒട്ടുംതന്നെ ജലസമ്പുഷ്ടം അല്ല. നമ്മുടെ നിലവിലുള്ള പല പദ്ധതികളുടെയും ജല ഉപയോഗ കാര്യക്ഷമത ആശാസ്യമായ നില വാരം പുലർത്തുന്നതായി കാണുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ ഹരിതകേരളം മിഷന്റെ ഉപദൗത്യമായ ജലസംരക്ഷണ മിഷന്റെ പ്രവർത്തനങ്ങൾ വളരെ പ്രതീക്ഷയോ ടെയാണ് ജനങ്ങൾ നോക്കുന്നത്. മികച്ച പദ്ധതികളിലൂടെ കാര്യക്ഷമമായ ജലസേചന വും ജലസംഭരണവും ഉറപ്പാക്കേണ്ടതുണ്ട്. സ്വാഭാവിക ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിനായി നമുക്ക് വകുപ്പുകളെയും ജനങ്ങളെയും സജ്ജമാക്കേണ്ടതുണ്ട്. ശാസ്ത്രീയ അടിത്തറയുള്ള പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് ഈ മാർഗരേഖ സഹായകരമാകട്ടെ.

ആശംസകളോടെ

Tinku Biswal

ടിങ്കു ബിസ്വാൾ



**ഡോ. ടി.എൻ. സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിത കേരളം മിഷൻ**

# സന്ദേശം

ഹരിതകേരളം മിഷന്റെ ഉപ ദൗത്യങ്ങൾ ആയ ശുചിത്വം, ജലസംരക്ഷണം, കൃഷി എന്നിവ പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്നവയാണ്. ജല സംരക്ഷണം ഉറപ്പാണെങ്കിൽ മാത്രമേ കാർഷിക രംഗത്ത് പുരോഗതി കൈവരിക്കാൻ സാധിക്കൂ. ശുചിത്വപരിപാലനത്തിലെ കുറവ് ഏറ്റവും ബാധിക്കുന്നത് ജലസ്രോതസ്സുകളെയാണ്. നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകൾ അവഗണിക്കപ്പെടേണ്ടവയല്ലെന്ന തിരിച്ചറിവ് വളരെ പെട്ടെന്ന് ജനങ്ങളിൽ എത്തിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള ധാരാളം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുകഴിഞ്ഞു ഇത്തരം പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസ്രോതസ്സുകൾ സ്ഥിരമായി നിലനിർത്തേണ്ടതുണ്ട്. ഇതിന് ശാസ്ത്രീയമായ ഇടപെടലുകൾ അനിവാര്യമാണ്. നമ്മുടെ ചുറ്റുപാടുമുള്ള ഏറ്റവും ചെറിയ ജലസ്രോതസ്സുകൾ പോലും സംരക്ഷിച്ചു നിർത്തേണ്ടതുണ്ട്. ഇതൊരു കൂട്ടായ യജ്ഞമാണ്. ജനപങ്കാളിത്തത്തോടെ വകുപ്പുകളും സ്ഥാപനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നതിന് നിയതമായ ഒരു മാർഗരേഖ അനിവാര്യമാണ്. കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ട ഈ മാർഗരേഖ നമ്മുടെ ജലപരിപാലന പരിപാടികൾക്ക് അടിത്തറയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ

ഡോ. ടി.എൻ. സീമ

കേരള സർക്കാർ

## സംഗ്രഹം

ജലവിഭവ വകുപ്പ് -ഹരിതകേരളം മിഷൻ- മണ്ണ്-ജലസംരക്ഷണ ഉപമിഷന്റെ ഭാഗമായുള്ള ലക്ഷ്യങ്ങൾ ആസൂത്രണം, പദ്ധതി രൂപീകരണം, നിർവഹണം എന്നിവ സംബന്ധിക്കുന്ന മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.......................................................................................................................

**ജലവിഭവ (ജി&പി) വകുപ്പ്**

**സ.ഉ(അച്ചടി)നം. 20/2017/ജവിവ.** **തീയതി, തിരുവനന്തപുരം, 23/10/2017**

.......................................................................................................................

പരാമർശം 5.10.2017 ൽ ചേർന്ന 10ാമത് നവകേരളം കർമപദ്ധതിയുടെ യോഗതീരുമാനങ്ങൾ.

## ഉത്തരവ്

കേരളം അഭിമുഖീകരിക്കുന്ന നിരവധി വികസന വെല്ലുവിളികൾക്ക് പരിഹാരമായി നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന നവകേരള കർമ്മപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഉപദൗത്യമായ മണ്ണ്-ജല സംരക്ഷണത്തിന്റെ ഭാഗമായുള്ള ലക്ഷ്യങ്ങൾ, ആസൂത്രണം, പദ്ധതി രൂപീകരണം, നിർവഹണം എന്നിവ സംബന്ധിച്ച് അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടിങ്കു ബിസ്വാൾ
ഗവൺമെന്റ് സെക്രട്ടറി

മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം
ലാന്റ് യൂസ് കമ്മീഷണർ, തിരുവനന്തപുരം
മുഖ്യവനപാലകൻ, ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി, തിരുവനന്തപുരം
ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഭൂജലവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തിരുവനന്തപുരം
ഡയറക്ടർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്

(സി.ഡബ്ല്യൂ.ആർ.ഡി.എം), കുന്നമംഗലം, കോഴിക്കോട്
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് & മാനേജ്മെന്റ്, ചടയമംഗലം, കൊല്ലം
ചീഫ്, കൃഷിവിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ, മണ്ണ് സംരക്ഷണ വകുപ്പ്, വഴുതക്കാട്, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ, സോയിൽ സർവേ, വഴുതക്കാട് തിരുവനന്തപുരം മിഷൻ ഡയറക്ടർ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, സ്റ്റേറ്റ് മിഷൻ, നന്തൻകോട്, തിരുവനന്തപുരം
ഹെഡ് ഓഫ് അക്കാദമി ക്ലൈമാറ്റ് ചെയ്ഞ്ച്, കേരളഅഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പ്
കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്- വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
ജലവിഭവ (ഓഫീസ് സെക്ഷൻ) വകുപ്പ്
കരുതൽ ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവിന്
ഡോ.റ്റി.എൻ.സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളംമിഷൻ, ഹരിതഭവൻ, കുട്ടനാട് ലെയിൻ, പട്ടം.പി.ഒ, തിരുവനന്തപുരം
ഡോ. ആർ. അജയകുമാർവർമ, സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ, ഹരിതഭവൻ, കുട്ടനാട് ലെയിൻ, പട്ടം.പി.ഒ, തിരുവന്തപുരം
ശ്രീ.എബ്രഹാം കോശി, കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ, ഹരിതഭവൻ, കുട്ടനാട് ലെയിൻ, പട്ടം.പി.ഒ. തിരുവനന്തപുരം
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
ജലവിഭവ (എം.ഐ./ഐ.ആർ/ജലവിതരണ-ബി/സി/ഭൂജല) വകുപ്പുകൾക്ക്

# ഹരിതകേരളം മിഷൻ

## ജലസംരക്ഷണ ഉപദൗത്യം
## പദ്ധതിരൂപീകരണത്തിനും നിർവഹണത്തിനുമുള്ള മാർഗനിർദേശങ്ങൾ

### 1. ആമുഖം

കേരളത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ജലസംരക്ഷണം, ശുചിത്വം-മാലിന്യ സംസ്കരണം, കൃഷിവികസനം എന്നിവ ഹരിതകേരളം മിഷന്റെ ഉപമിഷനുകളാണ്. ഉപ ദൗത്യങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും അവയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈ വരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെയും അനുബന്ധവകുപ്പുകളെയും പ്രേരിപ്പിക്കു കയും പ്രാപ്തരാക്കു കയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവ ഹിക്കുന്നത്. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസുകളിൽ എല്ലാസമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനസ്ഥാപന പ്രവർത്തനങ്ങൾ കണ്ടെത്തി നിർവഹിക്കുന്ന തിനും വകുപ്പുകളെയും തദ്ദേശഭരണസ്ഥാപനങ്ങളെയും സമൂഹത്തെയും പ്രാപ്തമാക്കുക, മഴവെള്ളസംഭരണം വ്യാപകമാക്കുക, ഭൂഗർഭജലപരിപോഷണം ഉറപ്പാക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ ജലസംരക്ഷണ ഉപമിഷനുമായി ബന്ധപ്പെട്ട പൊതുവായലക്ഷ്യം.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ ഉപമിഷൻ നട ത്തുന്നതിനായി നിർദേശിക്കപ്പെട്ടിട്ടുണ്ട്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോത സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ചുപ്രവർത്തിക്കുന്നതി നുമുള്ള സാഹചര്യം ഉണ്ടാക്കണം. പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വം-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതിരേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവഹണം തദ്ദേശഭരണ സ്ഥാപനതലത്തിൽ നടക്കുന്നതിനുവേണ്ട സഹായം നൽകണം. ജലസ്രോതസുകൾക്ക് ചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസനപരിപാടികളും മറ്റു ജലവിനിയോഗ പ്രവർത്തന

ങ്ങളും സംഘടിപ്പിക്കുന്നതിനും കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കണം.

ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ (ജലസമൃദ്ധി) എന്ന ഉപമിഷനു രൂപം നൽകുകയും കർമസേന രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ 19 ലെ സ.ഉ(പി).നം. 10/2017/ആ.സാ.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ള മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ള സംസ്ഥാന, ജില്ല, ബ്ലോക്ക്പഞ്ചായത്ത്, നഗരസഭ, ഗ്രാമപഞ്ചായത്ത്തല മിഷനുകളുടെയും പ്രസ്തുത തലങ്ങളിലുള്ള മിഷനുകളുടെ സഹായ സംവിധാനങ്ങളുടെ (കർമസേന)യും ഘടന അനുബന്ധം-3 ൽ നൽകിയിട്ടുണ്ട്. ഇതിൽ പറയുമ്പോലെ ഹരിതകേരളം മിഷന്റെ ജലസംരക്ഷണ ഉപമിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ജലവിഭവവകുപ്പ് സെക്രട്ടറി അധ്യക്ഷനായും ജലസേചനവകുപ്പ് ചീഫ്എഞ്ചിനീയർ കൺവീനർ ആയും രൂപീകരിച്ചിട്ടുള്ള മണ്ണ്-ജലസംരക്ഷണം കർമസമിതിയുടെ നേതൃത്വത്തിലായിരിക്കും.

## 2. ലക്ഷ്യങ്ങൾ

താഴെപ്പറയുന്ന 4 ലക്ഷ്യങ്ങൾ ആണ് ജലസംരക്ഷണ മിഷനു പ്രധാനമായും നിർവഹിക്കാനുള്ളത്.

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക
3. ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.
5. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## 3. പ്രവർത്തനങ്ങൾ

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന കുടിവെള്ള സോത്രസ്സുകളായി ഉപയോഗിക്കുക; കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ലതിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കുക.
2. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജിംങ്ങും ഉറപ്പുവരുത്തുതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
3. ക്വാറികൾ പോലെയുള്ള മനുഷ്യപ്രവർത്തനങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവി യിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കുക.
4. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച്, ഭൂജല

പോഷണംവഴി പരമാവധി മഴവെള്ളം മണ്ണിലേക്കിറങ്ങാൻ വേണ്ടി നടപടികൾ (കുന്നിൻ മുകളിൽ നിന്നു താഴ്‌വാരത്തിലേക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുക.

5. വ്യവസായിക ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാഘട്ടത്തിലും പരിശോധനയും ജലഓഡിറ്റിങ്ങും ബഡ്ജറ്റിങ്ങും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷണിക്കുന്നതിന് ശ്രമിക്കുക.
6. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുതിനും ജലസംരക്ഷണം സാധ്യമാക്കുതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
7. ജലസംരക്ഷണം സാധ്യമാക്കുന്നതിനു മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുക.

## 4. പ്രവർത്തനസമീപനം

ജലക്ഷാമവും ജലമലിനീകരണവും സംസ്ഥാനത്ത് വ്യാപകമായി അനുഭവപ്പെടു തുടങ്ങിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിന് നൽകേണ്ട അടിയന്തിര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പ്രാദേശിക സമൂഹവും തദ്ദേശഭരണ സ്ഥാപനങ്ങളും നിർദേശിക്കുന്ന കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നിർദേശിച്ചിട്ടുള്ളത്. ഇതോടൊപ്പം കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജിങ്ങും നടത്തി കിണറുകളുടെ ശേഷി നിലനിർത്തുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്. നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും പുനരുജ്ജീവനവും ഏകോപനത്തോടെ പ്രാവർത്തികമാക്കുക എന്നതാണ് രണ്ടാംഘട്ടത്തിൽ നിർദേശിച്ചിട്ടുള്ളത്.

ഓരോ ഗ്രാമപ്പഞ്ചായത്തിലെയും ജലക്ഷാമവും ജലലഭ്യതയും പരിഗണിച്ചുകൊണ്ട് വിവിധ വാർഡുകളിൽ അടിയന്തിരമായി ചെയ്യേണ്ട ചില പ്രവർത്തനങ്ങൾ ഉണ്ടാകാം. പ്രദേശത്തെ ജലലഭ്യതവർധിപ്പിക്കാൻ സഹായിക്കുന്ന, എന്നാൽ നിലവിൽ നശീകൃതമായ കുളങ്ങളുടെയും, ചിറകളുടെയും പുനരുജ്ജീവനം, അടിയന്തിരമായി ജലക്ഷാമം പരിഹരിക്കാനായി നിർദേശിക്കുന്ന പൊതുകിണറുകളുടെയും കുളങ്ങളുടെയും നിർമാണം, മണ്ണിടിഞ്ഞും മാലിന്യം നിറഞ്ഞും ഒഴുക്ക് നിലച്ച തോടുകളുടെ പുനസ്ഥാപനം, കാലാകാലങ്ങളിൽ ചെയ്യേണ്ട പരിപാലന പ്രവർത്തനങ്ങളുടെ അഭാവത്തിൽ നശീകൃതമായ കനാലുകളുടെ മെച്ചപ്പെടുത്തൽ ഇത്തരത്തിൽ പ്രാദേശികമായി അടിയന്തിരസ്വഭാവമുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുകയും അനുയോജ്യമായി പദ്ധതിരൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രദേശത്ത് ജലസുരക്ഷ ഉറപ്പാക്കുന്നതിനുള്ള അടിയന്തിര പ്രവർത്തനമായി പരിഗണിക്കേണ്ടതാണ്.

മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തുക എന്നതാണ് ശാസ്ത്രീയമായ രീതി. ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറുനീർതടങ്ങൾ വേർതിരിച്ചുള്ള കുന്നിൻ മുകളിൽ നിന്നും താഴ്‌വരയിലേയ്ക്ക് 'Ridge to Valley' എന്ന രീതിയിൽ വിവരശേഖരണം നടത്തി പ്രശ്നങ്ങളും സാധ്യതകളും

പരിഗണിച്ചുകൊണ്ട് മണ്ണ്-ജലസംരക്ഷണത്തിനും അവയുടെ സുസ്ഥിരമായ വിനിയോഗത്തിനും ചെയ്യേണ്ട പ്രവർത്തനങ്ങൾ രേഖപ്പെടുത്തി നീർത്തട പ്ലാനുകൾ തയ്യാറാക്കുക എന്നതാണ് ആദ്യപടി. ഇങ്ങനെ തയാറാക്കുന്ന പ്ലാനുകൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിച്ച് നീർത്തട വികസന മാസ്റ്റർപ്ലാൻ തയാറാക്കാം. ബ്ലോക്ക് പരിധിക്കകത്തുള്ള ചെറു നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി എടുത്തുകൊണ്ടു തയാറാക്കിയ പ്രത്യേകം പ്രത്യേകം ചെറുനീർത്തട വികസന പദ്ധതികളെ മുൻഗണനാക്രമം പരിഗണിച്ച് ക്രോഡീകരിച്ചുകൊണ്ട് ബ്ലോക്ക് തലപദ്ധതിയായി രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഒന്നിലധികം നീർത്തടങ്ങളെ പരിഗണിച്ച് ബ്ലോക്ക്തലത്തിൽ നടപ്പാക്കാനാവുന്ന ചില പ്രവർത്തനങ്ങളും ഉണ്ടാകാം. നീർത്തട ശാസ്ത്ര പ്രകാരം മുൻഗണനാക്രമത്തിൽ ഓരോകർമപരിപാടികൾ തിരഞ്ഞെടുത്തു വിശദമായ പദ്ധതിരേഖ രൂപപ്പെടുത്തി നിർവഹണം നടത്തുക എന്നതാണ് അടുത്തഘട്ടം. പദ്ധതി നിർവഹണം നടത്തുമ്പോഴും കുന്നിൻ മുകളിൽ നിന്നും താഴ്‌വരയിലേക്ക് 'Ridge to Valley' രീതിയിൽ നടപ്പിലാക്കുന്നത് പ്രകൃതിവിഭവ സംരക്ഷണതിന്റെയും വികസനത്തിന്റെയും സുസ്ഥിരത വർധിപ്പിക്കുന്നതിന് സഹായിക്കും. ഈ രീതിയിൽ ഓരോ ചെറുനീർത്തടത്തിലും അവയുടെ സംയോജിത നീർത്തടത്തിലും മണ്ണ്-ജലസുരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി നദീതടത്തിന്റെ ആകെ സുരക്ഷ ഉറപ്പാക്കുന്നതിനും സഹായിക്കും.

ഈ സമീപനം സ്വീകരിച്ചുകൊണ്ട് ഓരോ നീർത്തട പ്രദേശത്തും മണ്ണ്-ജലസുരക്ഷ ഉറപ്പാക്കുന്നതിനുള്ള തദ്ദേശഭരണസ്ഥാപങ്ങളുടെ പരിശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് അനുയോജ്യമായ സാങ്കേതികസഹായം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായുള്ള സംഘടനാ സംവിധാനങ്ങളും ചുമതലകളും ഇനി വിവിരിക്കുന്നു.

## 5. സംഘടനാസംവിധാനവും ചുമതലകളും

ഗ്രാമസഭാ തലത്തിൽനിന്നും പഞ്ചായത്ത് ഭരണസമിതി തലത്തിൽ നിന്നും ഉയർന്നു വരുന്ന നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് അടിയന്തിര ജലലഭ്യതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, നീർത്തട അടിസ്ഥാനത്തിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കി ഓരോ ചെറുനീർത്തടത്തിലും മണ്ണ്-ജലസുരക്ഷ ഉറപ്പാക്കി കാലക്രമത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തെയും സുസ്ഥിരവികസന ക്രമത്തിലേക്ക് എത്തിക്കുന്നതിന് സഹായിക്കുക എന്നതാണ് വിവിധതലത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ള സാങ്കേതികസമിതികളുടെ പൊതുചുമതല. ഇതിനായി ഗ്രാമപ്പഞ്ചായത്/മുനിസിപ്പൽ കോർപ്പറേഷൻ, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാതലത്തിലുള്ള സാങ്കേതിക സമിതികൾ രൂപീകരിക്കേണ്ടതാണ്. ഈ സാങ്കേതികസമിതികൾ അതതു തദ്ദേശഭരണസ്ഥാപന തലത്തിൽ പ്രവർത്തിക്കുന്ന മിഷനുകളുടെ ഹരിതകേരളം കർമസമിതിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ഉപസമിതിയായാണ് പ്രവർത്തിക്കുക.

### 5.1 ഗ്രാമപ്പഞ്ചായത്ത്തല സാങ്കേതികസമിതി (GPLTC):

1. വൈസ്ചെയർമാൻ പ്ലാനിങ്ങ്കമ്മിറ്റി
2. സി. ഡി. എസ്. അധ്യക്ഷ
3. അസി.സെക്രട്ടറി ഗ്രാമപ്പഞ്ചായത്ത്

4. കൃഷിഓഫീസർ, ഗ്രാമപ്പഞ്ചായത്ത്
5. വില്ലജ്എക്സ്റ്റൻഷൻ ഓഫീസർ
6. അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്
7. അസി. എഞ്ചിനീയർ/ ഓവർസിയർ, തൊഴിലുറപ്പ്
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വിദഗ്ധ്യമുള്ള മൂന്ന് പ്രമുഖർ (എൻജിനീയർ/ശാസ്ത്രജ്ഞർ)
10. ജലസേചന വകുപ്പിൽനിന്ന് നിയോഗിച്ചിട്ടുള്ള അസി. എഞ്ചിനീയർ (കൺവീനർ).

## ചുമതലകൾ

1. ഗ്രാമപ്പഞ്ചായത്തിലെ വിവിധവാർഡുകളിൽ നിലവിലുള്ള കിണർ, കുളങ്ങൾ, ചിറകൾ, തോടുകൾ മറ്റ് ജലാശയങ്ങൾ ഇവയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുക. അതിൽ പുനരുജ്ജീവിപ്പിക്കേണ്ട/വൃത്തിയാക്കേണ്ട കുളങ്ങളുടെയും ചിറകളുടെയും തോടുകളുടെയും പൊതുകിണറുകളുടെയും സ്ഥിതിവിവരക്കണക്കുകൾ തയാറാക്കുക.
2. ജലക്ഷാമം പരിഗണിച്ച് പുതുതായി നിർമിക്കേണ്ട കുളങ്ങൾ, കിണറുകൾ എന്നിവയ്ക്കായി നിർദേശിക്കപ്പെട്ടിട്ടുള്ള സ്ഥാനം പരിശോധിച്ച് സാധ്യതകൾ വിലയിരുത്തി രേഖപ്പെടുത്തുക.
3. വിവിധ ജലസ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ്/ജലനിരപ്പ് വിവിധ കാലങ്ങളിൽ അനൗദ്യോഗികമായി ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുക.
4. അനുയോജ്യമായ ഇടങ്ങളിൽ മഴക്കുഴികൾ നിർമിച്ച് മഴവെള്ളസംഭരണം, ഭൂജല സംപോഷണം എന്നിവ ഉറപ്പാക്കുക. നീർത്തടാടിസ്ഥാനത്തിൽ കണക്കുകൾ ശേഖരിച്ച് പരിപാലനം ഉറപ്പാക്കുക.
5. അതാത് പ്രദേശങ്ങളിൽ പെയ്ത് കിട്ടുന്ന മഴയുടെ കണക്ക് ശേഖരിക്കുക
6. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തിന്റെ നീർത്തട ഭൂപടം നിശ്ചിത ഏജൻസിയിൽനിന്നും ശേഖരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനോ, നിർമിക്കുന്നതിനോ നിർദേശിച്ചിട്ടുള്ള നിർമിതികളുടെ സ്ഥാനം നീർത്തട ഭൂപടത്തിൽ അടയാളപ്പെടുത്തുക
7. കുന്നിൻ മുകളിൽ നിന്ന് താഴ്വരയിലേക്ക് "Ridge to Valley" സമീപനം പരിഗണിച്ചും ഗ്രാമസഭയുടെയും, പഞ്ചായത്ത്സമിതിയുടെയും അഭിപ്രായം പരിഗണിച്ചും പുനരുജ്ജീവിപ്പിക്കേണ്ടതും പുതുതായി നിർമിക്കേണ്ട കുളങ്ങൾ, ചിറകൾ, തോടുകൾ, കനാ ലുകൾ, പൊതുകിണറുകൾ എന്നിവയുടെ മുൻഗണന നിശ്ചയിക്കേണ്ടതുമാണ്.
8. മുൻഗണനാക്രമത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതുകിണറുകൾ ഇവയുടെ പുനരുജ്ജീവനത്തിനോ, നിർമാണത്തിനോ വേണ്ട ഏകദേശ പ്രവർത്തനങ്ങൾ നിർദേശിക്കുക.
9. ജലസംരക്ഷണത്തിന് അനുയോജ്യമായ മറ്റ് പദ്ധതികൾ നിർദേശിക്കുക.
10. തൊഴിലുറപ്പ് പദ്ധതി, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബാഹ്യഏജൻസികൾ പണംമുടക്കുന്ന പദ്ധതികൾ (നബാർഡ്സ്കീംപോലെ), ജലവിഭവം, മണ്ണ്സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി ഇവയുടെ മാന

ദണ്ഡങ്ങളും സാമ്പത്തികലഭ്യതയും പരിഗണിച്ച് ഓരോ പ്രവൃത്തിയും ഏത് എജൻസി നിർവഹിക്കുന്നതാണ് ഉത്തമം എന്ന് തീരുമാനിക്കുക.

11. ഗ്രാമപ്പഞ്ചായത്തിന്റെ അംഗീകാരത്തോടെ ഓരോ പ്രവൃത്തിയും നിർവഹിക്കാൻ തിരഞ്ഞെടുക്ക പ്പെട്ടിട്ടുള്ള ഏജൻസിക്ക് പ്രവൃത്തി കൈമാറുക.
12. നിശ്ചിത ഏജൻസികൾ അവരവരുടെ മാനദണ്ഡങ്ങൾ പ്രകാരം നടത്തുന്ന പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പുരോഗതിയും പോരായ്മയും പഞ്ചായത്ത് സമിതിക്ക് റിപ്പോർട്ട് ചെയ്യുക.
13. പോരായ്മകൾ പരിഹരിക്കുന്നതിന് കൂട്ടായ സാങ്കേതിക അഭിപ്രായരൂപീകരണം നടത്തി നിർവഹണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് സഹായിക്കുക.
14. പദ്ധതി രൂപീകരണം നിർവഹണഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികളിൽ ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം ആവശ്യമാണെന്നും പ്രയോജനപ്രദമാണെന്നും പഞ്ചായത്ത് അംഗങ്ങളെയും സമൂഹത്തെയും ബോധ്യപ്പെടുത്തുക, സംഘടിപ്പിക്കുന്നതിനു പ്രേരി പ്പിക്കുക.
15. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഓരോനീർത്തടത്തിലും 'Transect walk' നടത്തി നീർത്തടത്തിന്റെ അതിർത്തി നിർണയിച്ച് ആ നീർത്തടത്തിലെ മണ്ണ്-ജല പ്രത്യേകതക ളും ഭൂവിനിയോഗവും പരിഗണിച്ച് ഒരു പ്രാഥമിക അവലോകന റിപ്പോർട്ട് തയാറാക്കുക.
16. നീർത്തടത്തിനകത്തെ വിവിധ വിഭവങ്ങളുടെ അവസ്ഥ, പ്രശ്നങ്ങൾ, പരിഹാരമാർഗങ്ങൾ, സാധ്യതകൾ എന്നിവ പരിഗണിച്ചുകൊണ്ടും അനുയോജ്യമായ കർമപരിപാടികൾ നിർദേശിച്ചുകൊണ്ടുമുള്ള ഗ്രാമപ്പഞ്ചായത്തിൽ ഉൾപ്പെടുന്ന നീർത്തടങ്ങളുടെ വികസന റിപ്പോർട്ട് തയാറാക്കുക.
17. നീർത്തട വികസനറിപ്പോർട്ട് ഗ്രാമസഭയിലും പഞ്ചായത്ത് സമിതിയിലും മറ്റു നിർദിഷ്ട വേദികളിലും അവതരിപ്പിച്ച് നിർദേശം സ്വീകരിച്ച് അന്തിമമാക്കുക.
18. ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാൻ തയാറാക്കുന്നതിനു ബ്ലോക്ക്തല സാങ്കേതിക സമിതിക്ക് വേണ്ട സഹായം നൽകുക.
19. അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരം നീർത്തടത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് വിശദമായ പദ്ധതിരേഖ തയാറാക്കി നിർവഹണം നടത്തുകയോ, നിർവഹണത്തിന് സഹായിക്കുകയോ ചെയ്യുക.
20. ജലമലിനീകരണം, അനധികൃത മണൽവാരൽ, കയ്യേറ്റം എന്നിവ റിപ്പോർട്ട് ചെയ്യുക. നടപടി അവലോകനം നടത്തുക.
21. ഭൂപ്രകൃതിക്കും ജലലഭ്യതയ്ക്കും അനുയോജ്യമായ തനത് വൃക്ഷങ്ങളും സസ്യങ്ങളും വച്ച് പിടിപ്പിച്ച് പരിപാലിച്ച് കണക്കുകൾ ശേഖരിച്ച് സൂക്ഷിക്കുക.

## 5.2 മുനിസിപ്പാലിറ്റി/കോർപറേഷൻതലസാങ്കേതികസമിതി (MLTC):

1. വൈസ് ചെയർപേഴ്സൺ, പ്ലാനിംങ്ങ് കമ്മിറ്റി
2. മുനിസിപ്പൽ/കോർപ്പറേഷൻ എഞ്ചിനീയർ
3. തൊഴിലുറപ്പ് പദ്ധതി നോമിനി
4. ഭൂജലവകുപ്പ് ഹൈഡ്രോജിയോളജിസ്റ്റ്
5. കൃഷിവകുപ്പ് പ്രിൻസിപ്പൽഅഗ്രി. ഓഫീസർ/ഡ.ഡയറക്ടർ

6. ജില്ലാമണ്ണ് സംരക്ഷണ ഓഫീസർ
7. ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽനിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്ന് പ്രമുഖർ (എൻജിനീയർ/ശാസ്ത്ര ജ്ഞർ)
10. ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ).

## ചുമതലകൾ

ഗ്രാമപ്പഞ്ചായത്ത്തല സാങ്കേതികസമിതി നിർവഹിക്കുന്ന എല്ലാ ചുമതലകളും മുനിസിപ്പാലിറ്റി/കോർപറേഷൻതല സാങ്കേതിക സമിതിക്കും ബാധകമാണ്.

## 5.3 ബ്ലോക്കുപഞ്ചായത്ത്തലസാങ്കേതികസമിതി (BPLTC):

1. ബ്ലോക്ക്പഞ്ചായത്ത് പ്ളാനിങ്ങ് കമ്മിറ്റി വൈസ്ചെയർമാൻ
2. ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ
3. കൃഷിവകുപ്പ് അസി. ഡയറക്ടർ
4. ജില്ലാ മണ്ണ്സംരക്ഷണ ഓഫീസർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ
5. ഭൂജല വകുപ്പിലെ ഹൈഡ്രോജിയോളജിസ്റ്റ്
6. റേഞ്ച്ഓഫീസർ, വനംവകുപ്പ്
7. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശഭരണവിഭാഗം
8. തൊഴിലുറപ്പ് പദ്ധതിയിലെ അസി. എഞ്ചിനീയർ
9. നീർത്തട വികസനപരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
10. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്ന് പ്രമുഖർ (എൻജിനീയർ/ശാസ്ത്ര ജ്ഞർ)
11. ജലസേചനവകുപ്പിൽനിന്ന് ചീഫ് എഞ്ചിനീയർ-അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ.

## ചുമതലകൾ

1. ഗ്രാമപ്പഞ്ചായത്ത് തലത്തിലും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും രൂപീകരിക്കുന്ന സാങ്കേതിക സമിതികൾക്ക് വേണ്ടപരിശീലനവും സാങ്കേതിക സഹായവും നൽകുക
2. ഒരുഗ്രാമപ്പഞ്ചാത്ത്/മുനിസിപ്പൽ പ്രദേശത്തിന് വെളിയിലേക്ക് വ്യാപിച്ചിട്ടുള്ള നീർത്തടങ്ങളുടെ കർമപരിപാടി സംയോജിപ്പിക്കുക
3. ഗ്രാമപ്പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും തയാറാക്കുന്ന നീർത്തട കർമപരിപാടികൾ സംയോജിപ്പിച്ച് ബ്ലോക്ക്തല നീർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുക.
4. ബ്ലോക്ക്തല നീർത്തട വികസന മാസ്റ്റർപ്ലാനിന് ജില്ലാ ആസൂത്രണസമിതിയുടെ

അംഗീകാരം നേടിയെടുക്കുന്നതിന് സഹായിക്കുക

5. ഒരു ഗ്രാമപ്പഞ്ചാത്ത്/മുനിസിപ്പൽ പ്രദേശത്തിനു വെളിയിലേക്ക് വ്യാപിച്ചിട്ടുള്ള നീർത്തടങ്ങളിൽ രൂപംനൽകുന്ന പദ്ധതികളുടെ പദ്ധതിരേഖ തയാറാക്കുന്നതിനും അതിന്റെ നിർവഹണത്തിനും സഹായിക്കുക.

## 5.4 ജില്ലാതലസാങ്കേതികസമിതി (DLTC):

1. ജില്ലാപ്ലാനിങ്ങ് ഓഫീസർ
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്
3. പ്രിൻസിപ്പൽ കൃഷിഓഫീസർ
4. തൊഴിലുറപ്പ് ജെ.പി.സി
5. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ജലസേചനം
6. ജില്ലാമണ്ണ് സംരക്ഷണ ഓഫീസർ
7. ജില്ലാമണ്ണ് പര്യവേഷണ ഓഫീസർ
8. ഭൂജലവകുപ്പ് ജില്ലാഓഫീസർ
9. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
10. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്ന് പ്രമുഖർ (എൻജിനീയർ/ ശാസ്ത്രജ്ഞർ)
11. ഹരിതകേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ
12. ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ)

## ചുമതലകൾ

1. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും രൂപീകരിക്കുന്ന സാങ്കേതിക സമിതിക്ക് പരിശീലനം നൽകുക.
2. നീർത്തട വികസന മാസ്റ്റർപ്ലാൻ തയാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന പദ്ധതിനിർവഹണത്തിനും സാങ്കേതികവും ഭരണപരവുമായ സഹായം നൽകുക.
3. പൊതുവായ സാങ്കേതിക മേൽനോട്ടവും മാർഗനിർദേശവും നൽകുക.
4. നീർത്തട കർമപരിപാടിയുടെ അടിസ്ഥാനത്തിൽ രൂപംനൽകുന്ന പദ്ധതികളിൽ അനുയോജ്യമായ സാങ്കേതികവിദ്യകളാണ് പ്രയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുക.
5. ബ്ലോക്ക്തല വികസന മാസ്റ്റർപ്ലാനിന്റെ സാങ്കേതിക പരിശോധന നടത്തുക, സാങ്കേതിക ഭദ്രത ഉറപ്പുവരുത്തുക.
6. ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടൽ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന സ്ഥലങ്ങളുടെ നേരിട്ടുള്ള സാങ്കേതിക പരിശോധന നിർവഹിക്കുക
7. ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാനുകളെ ജില്ലാപഞ്ചായത്ത് അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ത്രിതല തദ്ദേശഭരണ സംവിധാനത്തിൽ ചെയ്യാവുന്ന പ്രവൃത്തികളുടെ സംയോജനം, നിർവഹണ ഘട്ടത്തിലെ ഏകോപനം.
8. നീർത്തട മാസ്റ്റർപ്ലാനുകൾ അരുവികളുടെയും ഉപനദികളുടെയും നദീതടങ്ങളുടെയും

അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് സമഗ്രനദീസംരക്ഷണപദ്ധതി തയാറാക്കുന്നതിനു സഹായിക്കുക.

## 6. പരിശീലനം

ജില്ലാതലത്തിൽനിന്നും ജലസംരക്ഷണ ഉപമിഷനിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് സമഗ്രമായ ഒരു പരിശീലനപരിപാടി തിരുവനന്തപുരം ഐ.എം.ജിയിൽ നടത്തുകയുണ്ടായി. ഇതിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് ജില്ലാതല പരിശീലന പരിപാടി നയിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ജില്ലാതല പരിശീലന പരിപാടികളും പൂർത്തീകരിച്ചു. തുടർന്ന് താഴെപ്പറയുന്ന പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

1. ജലസംരക്ഷണ ഉപമിഷന്റെ ജില്ലാകോ-ഓർഡിനേറ്റർമാർക്കുള്ള പ്രത്യേക പരിശീലനം.
2. ജില്ലാതല സാങ്കേതിക സമിതിക്കുള്ള വ്യക്തതാശിൽപ്പശാല.
3. ബ്ലോക്ക്/മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിക്കുള്ള വിവിധ പരിശീലനങ്ങൾ.
4. ജില്ല/ബ്ലോക്ക്/മുനിസിപ്പൽ/ഗ്രാമപ്പഞ്ചായത്ത് ആസൂത്രണ സമിതിക്കുള്ള വ്യക്തതാശിൽപ്പശാല.

മാർഗരേഖയുടെകൂടി അടിസ്ഥാനത്തിലായിരിക്കും ഇത്തരം പരിശീലനങ്ങൾ നടത്തുക. നീർത്തട മാപ്പുകൾ ഉപയോഗിക്കുന്നതിനും നീർത്തട അവലോകനരേഖതയാറാക്കുന്നതിനും നീർത്തട കർമപരിപാടികൾ കണ്ടെത്തുന്നതിനും നീർത്തട വികസന രേഖ തയാറാക്കുന്നതിനും വിശദമായ പദ്ധതിരൂപീകരണവും നിർവഹണവും സംബന്ധിച്ചും പരമ്പരാഗത-ആധുനിക-അനുയോജ്യ സാങ്കേതികവിദ്യകളുടെ പ്രയോഗം സംബന്ധിച്ചും വിവിധ നിർമിതികളുമായി ബന്ധപ്പെട്ടും ചെറു നീർത്തട വികസന രേഖകൾ സംയോജിപ്പിച്ച് ബ്ലോക്ക്തലത്തിലും നദീതട അടിസ്ഥാനത്തിലും മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനും വേണ്ട പരിശീലനങ്ങൾ ലഭ്യമാക്കുന്നതാണ്. നീർത്തട വികസന പരിപാലനപരിശീലന കേന്ദ്രം (IWDMK), കില, ഐ.എം.ജി. എന്നീസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും മറ്റു വിദഗ്ധ പരിശീലന സൗകര്യങ്ങളും വിദഗ്ധരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയും ആയിരിക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുക.

## 7. പ്രവർത്തനപരിപാടി

ഖണ്ഡിക-3-ൽ വിവരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും നിർദേശങ്ങളും താഴെ വിവരിക്കുന്നു.

### 7.1 നീർത്തടമാപ്പുകൾലഭ്യമാക്കൽ

നീർത്തടമാപ്പുകൾ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും ലഭ്യമാകേണ്ടതുണ്ട്.ഇതിനായി ലാൻഡ് യൂസ്ബോർഡ്, മണ്ണ്സംരക്ഷണവകുപ്പ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോഗ്രാമപ്പഞ്ചായത്തുകളുടെയും ചുമതലയുള്ള കൺവീനർമാർ മാപ്പുകൾ ഏറ്റുവാങ്ങി പഞ്ചായത്തുകളിൽ എത്തിക്കും. ഒരുഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ നീർത്തടങ്ങളു

മായി ബന്ധപ്പെട്ട് മൂന്നുഭൂപടങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. ജില്ലയിലെ നദീതടഭൂപടം
2. ബ്ലോക്ക്പഞ്ചായത്തിലെ നീർത്തടസമുച്ചയങ്ങളുടെ ഭൂപടം
3. ഗ്രാമപ്പഞ്ചായത്തിലെ നീർത്തടങ്ങളുടെ ഭൂപടം.

## 7.2 ഒന്നാംഘട്ടപ്രവർത്തനങ്ങളുടെ നിർവഹണം

### 7.2.1 പ്രാദേശികജലസ്രോതസ്സുകളുടെ പുനഃസ്ഥാപനം, നിർമ്മാണം

തദ്ദേശഭരണസ്ഥാപനത്തിലെ വികസനറിപ്പോർട്ട് പ്രകാരവും ഭരണസമിതിയുമായി ചർച്ച നടത്തിയും വിവിധ വാർഡുകളിലെ കുളങ്ങളുടെയും ചിറകളുടെയും തോടുകളുടെയും പൊതുകിണറുകളുടെയും സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുക. അതിൽ പുനരുജ്ജീവിപ്പിക്കേണ്ട/വൃത്തിയാക്കേണ്ടവ കണ്ടെത്തുക. ഇതോടൊപ്പം പ്രദേശത്തെ ജലക്ഷാമം പരിഗണിച്ച് പുതുതായി നിർമിക്കേണ്ട കുളങ്ങൾ, കിണറുകൾ എന്നിവയ്ക്കായി നിർദേശങ്ങളും പരിഗണിക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ നീർത്തട ഭൂപടം നിശ്ചിത ഏജൻസിയിൽനിന്നും ശേഖരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനോ, നിർമിക്കുന്നതിനോ നിർദേശിച്ചിട്ടുള്ള നിർമിതികളുടെ സ്ഥാനം നീർത്തട ഭൂപടത്തിൽ അടയാളപ്പെടുത്തണം. കുന്നിൻ മുകളിൽ നിന്നു താഴ്വരയിലേക്ക് 'Ridge to Valley' എന്ന സമീപനം പരിഗണിച്ചും ഗ്രാമസഭയുടെയും പഞ്ചായത്ത് സമിതിയുടെയും അഭിപ്രായം പരിഗണിച്ചും പുനരുജ്ജീവിപ്പിക്കേണ്ടതും പുതുതായി നിർമിക്കേണ്ട കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതുകിണറുകൾ ഇവയുടെ മുൻഗണന നിശ്ചയിച്ചുകൊണ്ടുമുള്ള പട്ടികതയാറാക്കേണ്ടതാണ്. ഈ പട്ടികയിൽനിന്നും പുതുതായി നിർമിക്കാനുദ്ദേശിക്കുന്ന കുളങ്ങളുടെയും, കിണറുകളുടെയും സ്ഥാനം ഹൈഡ്രോജിയോളജിസ്റ്റിന്റെയും (Hydrogeologist) ആവശ്യമെങ്കിൽ ജിയോഫിസിസിസ്റ്റിന്റെയും (Geophysicist) പരിശോധനയ്ക്ക് വിധേയമാക്കി ജലലഭ്യതയുണ്ടാകും എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം തീരുമാനിക്കപ്പെട്ടിട്ടുള്ള കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതു കിണറുകൾ ഇവയുടെ പുനരുജ്ജീവനത്തിനോ, നിർമാണത്തിനോവേണ്ട ഏകദേശ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് പട്ടികയിൽ രേഖപ്പെടുത്തണം. ഇങ്ങനെ തയാറാക്കിയ പട്ടികയിൽനിന്നും മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കുന്ന ഓരോ പ്രവൃത്തിയും തൊഴിലുറപ്പ് പദ്ധതി, മറ്റു കേന്ദ്രാവിഷ്കൃതപദ്ധതികൾ, ബാഹ്യഏജൻസികൾ പണംമുടക്കുന്ന പദ്ധതികൾ (നബാർഡ് സ്കീം പോലെ), ജലവിഭവം, മണ്ണ്സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണപദ്ധതി ഇവയുടെ മാനദണ്ഡങ്ങളും, സാമ്പത്തിക ലഭ്യതയും പരിഗണിച്ച് ഏത് എജൻസി നിർവഹിക്കുന്നതാണ് ഉത്തമം എന്ന് തീരുമാനിക്കേണ്ടതാണ്. തുടർന്ന് ഗ്രാമപ്പഞ്ചായത്തിന്റെ അംഗീകാരത്തോടെ ഓരോ പ്രവൃത്തിയും നിർവഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസിക്ക് പ്രവൃത്തികൾ കൈമാറുകയും അവരവരുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നിർവഹണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നിർമിതികൾ തദ്ദേശഭരണസ്ഥാപനത്തിന് കൈമാറേണ്ടതുമാണ്.

ഇപ്രകാരം നടക്കുന്ന നിർവഹണ പ്രവൃത്തികളിൽ ഏതൊക്കെ ഘട്ടങ്ങളിൽ ജനങ്ങളുടെ സന്നദ്ധപ്രവർത്തനം ആവശ്യമാണെന്നും പ്രയോജനപ്രദമാണെന്നും പഞ്ചായത്ത് അംഗങ്ങളെയും സമൂഹത്തെയും ബോധ്യപ്പെടുത്തി അവ സംഘടിപ്പിക്കുന്നതിനുള്ള

പ്രേരണ ചെലുത്തുന്നത് അഭിലഷണീയമായിരിക്കും. തദ്ദേശഭരണസ്ഥാപനങ്ങളുടെയും നിയമസഭാസാമാജികരുടെയും നേതൃത്വത്തിൽ നടന്നുവരുന്ന ജലസംരക്ഷണ കാമ്പയിനുകൾ ഉണ്ടെങ്കിൽ ഈ പ്രവർത്തനങ്ങൾ അവയുടെ ഭാഗമായി ചെയ്യേണ്ടതാണ്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുമ്പോൾ കുളങ്ങളുടെ ആഴം പൂർവസ്ഥിതിയിൽ ആക്കുന്നതിനുതകുന്ന രീതിയിൽമാത്രം അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്നതാകും ഉചിതം. ആഴം വർധിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് ഹൈഡ്രോജിയോളജിസ്റ്റിന്റെയോ അദ്ദേഹത്തിന്റെ അഭാവത്തിൽ സിവിൽ എഞ്ചിനീയറുടെയോ ശുപാർശയ്ക്ക് വിധേയമായിമാത്രം നിർവഹിക്കപ്പെടേണ്ടതാണ്. കുളങ്ങളുടെ പാർശ്വഭിത്തി സംരക്ഷണം ഭൂ-വസ്ത്രങ്ങൾ ഉപയോഗപ്പെടുത്തിയും 'അഗ്രോസ്ടോളോജിക്കൽ' രീതിക്ക് (ചെടികളും, പുല്ലുകളും മറ്റും ഉപയോഗപ്പെടുത്തിയുള്ള ജൈവസംരക്ഷണരീതി) വിധേയമായും മാത്രം നിർവഹിക്കേണ്ടതാണ്. സാങ്കേതിക പ്രശ്നങ്ങൾ പരിഗണിച്ച് ഒഴിവാക്കാൻ സാധിക്കാത്ത ഭാഗത്തും സാഹചര്യത്തിലുംമാത്രമേ കൽക്കെട്ട്/കോൺക്രീറ്റ് രീതി അവലംബിക്കാൻ പാടുള്ളൂ. കുളങ്ങളുടെ ആവാഹ പ്രദേശത്ത് (Catchment area) മരങ്ങൾ നട്ടുവളർത്തി കുളത്തിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിനും ജലപരിപോഷണം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനവും നടത്തേണ്ടതാണ്. നിർമിച്ച/പുനരുജ്ജീവിപ്പിച്ച കുളങ്ങളിൽ എപ്പോഴും ജലലഭ്യത ഉറപ്പാക്കുംവിധമാകണം കുളങ്ങളുടെ പ്രവേശനചാലുകളും (inlet), നിർഗമനചാലുകളും (outlet) സംരക്ഷിക്കേണ്ടത്. കുളങ്ങളുടെ സമീപത്തുള്ള കിണറുകൾ, അവയിലെ ജലനിരപ്പ് തുടങ്ങിയ വിവരങ്ങൾകൂടി പദ്ധതിരേഖയിൽ ചേർക്കേണ്ടതാണ്. നിർമാണത്തിന് ശേഷമുള്ള നിരീക്ഷണത്തിന് ഇത് സഹായകമാകും. ഈ നിർമിതികളുടെ പണിപൂർത്തിയാകുമ്പോൾ അവ ഏതുകാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് (കുടിവെള്ളം, ജലസേചനം, മത്സ്യംവളർത്തൽ, വിനോദം തുടങ്ങി) എന്നും പദ്ധതിരേഖയിൽ ചേർക്കേണ്ടതാണ്. കുളങ്ങളുടെ പുനരുജ്ജീവനം നടത്തുമ്പോൾ ഇറിഗേഷൻ ഭരണവിഭാഗം ചീഫ്എൻജിനീയറുടെ 08.08.2013ലെണ34173/2013/ഏഘ നമ്പർസർക്കുലറും, പരിസ്ഥിതി വകുപ്പിന്റെ 12.12.2014ലെ GO(P)14/2014/Envt. നമ്പർ സർക്കാർ ഉത്തരവും പാലിക്കേണ്ടതാണ്.

### 7.2.2 പ്രാദേശികനിർമിതികളുടെപരിപാലനം

പുതിയതോ, പുനരുജ്ജീവിപ്പിക്കപ്പെട്ടതോ ആയ ജലനിർമിതികൾ കൈമാറുമ്പോൾ നിർവഹണ ഏജൻസിയോ, GPLTC/MLTC യോ ഈ നിർമിതിയുടെ തുടർപരിപാലനവുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളും, പരിപാലനത്തിനായി വേണ്ടിവരുന്ന ഏകദേശ വാർഷികച്ചെലവും നിർദേശിക്കേണ്ടതാണ്. പ്രാദേശിക ജലനിർമിതികൾ അതാതു പ്രദേശത്തെ ഉപയോക്താക്കളുടെ/ഗ്രാമസഭയുടെ താൽപര്യപ്രകാരം എപ്രകാരം ഉപയോഗപ്പെടുത്തും എന്ന് തദ്ദേശഭരണസമിതി തീരുമാനിക്കണം. ഓരോ ജലനിർമിതിയും കുടിവെള്ളം ലഭ്യമാക്കുന്നതിനോ, ജലസേചനആവശ്യങ്ങൾക്കോ, മത്സ്യകൃഷിക്കോ, നീന്തൽകുളമായോ, ബോട്ടിങ്ങ് തുടങ്ങിയ വിനോദ സൗകര്യങ്ങൾക്കോ ആകും പ്രധാനമായും ഉപയോഗിക്കുക എന്ന് തീരുമാനിച്ചാൽ അതനുസരിച്ചുള്ള പ്രാദേശിക പരിപാലനരീതിയും സംവിധാനവും തദ്ദേശഭരണസ്ഥാപനം നിർദേശിക്കണം. ഇതിനു വേണ്ടിവരുന്ന പരിപാലനചെലവ് അതിന്റെ ഉപയോഗത്തിന് അനുസരിച്ച് ക്രമപ്പെടുത്താവുന്നതാണ്. ഉദാഹരണമായി, കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുന്ന കുളമാണെങ്കിൽ വെള്ളം വിതരണം

ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിൽ യൂസർഫീവാങ്ങി പരിപാലനത്തിന് ചെലവ് കണ്ടെത്താം. അപ്രകാരമുള്ള സംവിധാനം ഒരുക്കിയിട്ടില്ലെങ്കിൽ ആ നിർമിതിയുടെ വാർഷിക പരിപാലനച്ചെലവിന്റെ 50% തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കുകയും തത്തുല്യമായ തുക പ്രാദേശിക സമൂഹത്തിൽനിന്നും കണ്ടെത്താവുന്നതുമാണ്. മത്സ്യം വളർത്തുന്നതിന് നിർദേശിക്കപ്പെട്ടിട്ടുള്ള കുളമാണെങ്കിൽ അത് വാർഷിക ലേലത്തിൽ നൽകി പരിപാലന ച്ചെലവ് കണ്ടെത്താവുന്നതാണ്. തോടുകൾ, ചിറകൾ, തുടങ്ങിയ നിർമിതികളുടെ കാര്യ ത്തിലും ഇപ്രകാരമുള്ള പ്രാദേശിക പരിപാലനസമ്പ്രദായം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ നടപ്പിൽ വരുത്താവുന്നതാണ്.

## 7.3 നീർത്തടവികസനമാസ്റ്റർ പ്ലാൻ തയാറാക്കൽ

### 7.3.1 വിവരശേഖരണവുംപരിപാടികൾ ആവിഷ്കരിക്കലും

നീർത്തട ഭൂപടം ലഭ്യമായാൽ ഗ്രാമപ്പഞ്ചായത്ത്തല കർമസേനയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും യോഗം പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ചേരണം. ഇതിനായി ഗ്രാമപ്പഞ്ചായത്ത് സാങ്കേതികസമിതി കൺവീനർ എല്ലാവരുമായും ബന്ധപ്പെട്ടു തീയതി നിശ്ചയിച്ചു അറിയിപ്പ് നൽകണം. ഇത്തരത്തിൽ ചേരുന്നയോഗം ചർച്ചചെയ്യേണ്ട വിഷയങ്ങൾ /എടുക്കേണ്ട തീരുമാനങ്ങൾ

1. നീർത്തട നടത്തത്തിനുള്ള (Transect walk) തീയതി നിശ്ചയിക്കുക
2. നേരത്തെ തയ്യാറാക്കിയിട്ടുള്ള വികസന രേഖകൾ പരിശോധിക്കുക
3. വികസന രേഖതയാറാക്കിയവരുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കുക
4. ചെറുനീർത്തടങ്ങളിൽ ഉൾപ്പെടുന്ന വാർഡുകൾ ഏതെന്നു പരിശോധിക്കുക
5. Transect walk നുള്ള ടീം നിശ്ചയിക്കുക
6. വാർഡുപ്രതിനിധികൾക്കുള്ള ചോദ്യാവലി(അനുബന്ധം-1) നൽകി വിവരം ശേഖരിക്കുക
7. നീർത്തട വിവരശേഖരണത്തിനുള്ള ഫോറം (അനുബന്ധം-2) ടീമിന് ലഭ്യമാക്കുക

### 7.3.2 നീർത്തടനടത്തം (Ttransect walk)

നീർത്തടത്തിന്റെ കൃത്യമായ അതിര്, ഭൂപ്രകൃതി, പ്രധാന മൺതരങ്ങൾ, ജലവിഭവങ്ങൾ, വിളകൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള സാമാന്യ വിവരങ്ങൾ ലഭിക്കുന്നതി നാണ് Transect walk നടത്തുന്നത്. നീർത്തടത്തിലെ മുഖ്യനീർച്ചാലിന്റെ വിലങ്ങനെയുള്ള (across) മൂന്നോ, നാലോ transect walk നടത്തുക എന്നതായിരിക്കണം പൊതുരീതി. വളരെ വലുതും വ്യത്യസ്തമായ സവിശേഷതകൾ ഉള്ളതുമായ നീർത്തടം ആണെങ്കിൽ കൂടുതൽ transect- കൾ വേണ്ടിവരും. ലഭ്യമാക്കിയിട്ടുള്ള നീർത്തട ഭൂപടത്തിൽ നീർത്തടത്തിന്റെ യഥാർഥ അതിര് (water divide or ridge) കണ്ടെത്തി അടയാളപ്പെടുത്തി നീർത്തട നടത്തം ആരംഭിക്കാം. പങ്കെടുക്കുന്ന ഓരോ ടീം അംഗവും ഏതൊക്കെ കാര്യങ്ങളാണ് നിരീ ക്ഷിക്കേണ്ടത് എന്ന് മുൻകൂട്ടി തീരുമാനിച്ചാൽ, ആ വിഷയം സംബന്ധിച്ച് വിശദമായി പരിശോധിച്ച് ഭൂപ ടത്തിന്റെ പകർപ്പിൽ അടയാളപ്പെടുത്തുന്നുതിനും ബന്ധപ്പെട്ട നിരീക്ഷണ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിനും സാധിക്കും. ഇതോടൊപ്പം നീരൊഴുക്ക്, ഭൂഗർഭജല പ്ര

ത്യേകതകൾ, ജലവിഭവലഭ്യത, ഭൂ-ജലപരിസ്ഥിതി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചുള്ള ദ്വിതീയവിവരങ്ങളും ശേഖരിക്കേണ്ടതാണ്. ഇതിനുള്ള ഫോറം അനുബന്ധം-2 ആയി ന ൽകിയിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങളും ടീംഅംഗങ്ങൾക്ക് അറിയാവുന്ന വിവിരങ്ങളും ഉൾപ്പെടുത്തി നീർത്തടത്തത്തിന്റെ ഭൂപ്രകൃതി, ഭൂവിനിയോഗം, ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ ഇവയുടെ ഭൂപടങ്ങളും വിശദീകരണക്കുറിപ്പും തയാ റാക്കണം.

### 7.3.3 നീർത്തടകർമപരിപാടി

നീർത്തട നടത്തത്തിന്റെ ഭാഗമായി തയാറാക്കുന്ന ഭൂപടങ്ങളുടെയും ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെയും, വിശദീകരണ കുറിപ്പിന്റെയും സാങ്കേതിക ടീമിന്റെ നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ നീർത്തടത്തിലെ മണ്ണ്-ജലസംരക്ഷണവുമായി ബന്ധപ്പെട്ട ഇടപെടൽ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തി നീർത്തട വികസനരേഖ തയാറാക്കേണ്ടത ാണ്.

വികസനരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇടപെടൽ പ്രവർത്തനങ്ങളുടെ സാങ്കേതിക വിശദാംശങ്ങൾ നിർണയിക്കൽ, ഏകദേശ ചെലവ് കണക്കാക്കൽ, പ്രശ്നരൂക്ഷതയ്ക്കും, പ്രവർത്തനങ്ങളുടെ സ്വഭാവത്തിനും അനുസരിച്ച് മുൻഗണനാക്രമവും സമയക്രമവും നിശ്ചയിക്കൽ, ഏതു പദ്ധതിയിൽപ്പെടുത്തി, ഏതു എജൻസി ഉത്തരവാദിത്വം എടുത്താണ് പദ്ധതി നിർവഹിക്കാനാവുക, വിവിധ വകുപ്പുകൾ എകോപനത്തോടെ ചെയ്യേണ്ട താണോ അതോ ഒരു വകുപ്പ് സ്വതന്ത്രമായി ചെയ്യേണ്ട പ്രവർത്തനമാണോ എന്നുള്ള ശുപാർശ ഇവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള നീർത്തട കർമപരിപാടിക്ക് രൂപംനൽകണം. ഇപ്ര കാരം കർമപരിപാടികൾ തയാറാക്കുമ്പോൾ അധിക സാങ്കേതിക സഹായം ആവശ്യ മായി വന്നാൽ BPLTC ലഭ്യമാക്കുന്നതാണ്. ഇപ്രകാരം ഗ്രാമപ്പഞ്ചായത്തിലെ/ നഗര സഭയിലെ ഓരോ നീർത്തടത്തിനും വേണ്ടി സ്വരൂപിക്കുന്ന കർമപരിപാടി GPLTC/MLTC കൺവീനർ അതാത് ഭരണസമിതിയുടെ നിർദേശംകൂടി പരിഗണിച്ച് മാറ്റംവരുത്തേണ്ടതുണ്ട് എങ്കിൽ സാങ്കേതിക കാര്യങ്ങൾ പരിഗണിച്ച് മാറ്റംവരുത്തി BPLTC കൺവീനർക്ക് ലഭ്യമാക്കേണ്ട താണ്. ഇത് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സമയപ്രകാരം കൃത്യമായി നടക്കുന്നു എന്ന് മിഷന്റെ ജില്ലാകോ-ഓർഡിനേറ്റർമാർ ഉറപ്പാക്കണം.

### 7.3.4 ബ്ലോക്ക്തല നീർത്തടവികസനമാസ്റ്റർപ്ലാൻ

GPLTC/MLTC കണവീനർമാരിൽ നിന്നും ലഭിക്കുന്ന നീർത്തട കർമപരിപാടികൾ BPLTC കൺവീനർ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്പഞ്ചായത്ത് കർമസേനയുടെയും BPLTC യുടെയും യോഗം വിളിച്ചു നീർത്തടപ്ലാനുകൾ പരിശോധിക്കേണ്ടതുണ്ട്. ഇത്തരം യോഗങ്ങളിൽ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യം ഉറപ്പാക്കേണ്ട താണ്. ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ കണ്ടെത്തിയ നീർത്തടങ്ങൾ ചിലത് പൂർ ണമായും ഒരുപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ വരുന്നതാകണമെന്നില്ല. അത്തരം സാഹചര്യങ്ങളിൽ 'Ridge to Valley'എന്ന ശാസ്ത്രീയ രീതിയിൽ നീർത്തടത്തിന്റെ മുൻഗ ണനാപ്രവർത്തനങ്ങൾ നിർണയിക്കുന്നതിന് ഒന്നിലധികം തദ്ദേശസ്ഥാപനങ്ങളിലെ നീർത്തട കർമപരിപാടികളെ ആശ്രയിക്കേണ്ടിവരും. വിവിധ നീർത്തടങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശാലമായ പ്രദേശത്തെ ജലപരിസ്ഥിതി മൊത്തത്തിൽ പരിഗണിക്കുന്നതിനും പ്രശ്നങ്ങ

ളും സാധ്യതകളും പരിഗണിച്ച് കർമപരിപാടികളുടെ സാങ്കേതിക മേന്മ ഉറപ്പിക്കുന്നതിനും വിവിധ നീർത്തടങ്ങൾ സംയോജിപ്പിച്ച് പരിശോധിക്കേണ്ടിവരും. ഇവയെല്ലാം പരിഗണിച്ചാണ് ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ എല്ലാ നീർത്തടകർമപരിപാടികളും സംയോജിപ്പിച്ച് ബ്ലോക്കുതല നീർത്തട മാസ്റ്റർപ്ലാനുകൾക്ക് രൂപം നൽകുന്നത്. ഓരോ നീർത്തടത്തിലെയും കർമപരിപാടികൾ ക്രോഡീകരിച്ചുള്ള ചാർട്ട് തയാറാക്കുന്നതും പ്രവൃത്തികളുടെ മുൻഗണനാക്രമം തയാറാക്കുന്നതിനു സഹായിക്കും. ഇതിനായി പട്ടിക-1 പ്രകാരം നൽകിയിട്ടുള്ള ചാർട്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

**പട്ടിക-1_നീർത്തട വികസന കർമപരിപാടി ചാർട്ട്**

| പ്രവർത്തനത്തിന്റെ പേര് | നീർത്തടത്തിന്റെ പേര് | ഏതുതദ്ദേശ സ്ഥാപനത്തിൽ സ്ഥിതി ചെയ്യുന്നു | പ്രവൃത്തി ചെയ്യേണ്ട സർവേ നമ്പർ | ഏകദേശ ചെലവ് | നടപ്പാക്കേണ്ട ഏജൻസികൾ | സമയ ക്രമം | മറ്റ് അഭിപ്രായങ്ങൾ |
|---|---|---|---|---|---|---|---|
| മഴക്കൊയ്ത്ത് മഴക്കുഴിനിർമാണം | | | | | | | |
| കുളംപുനസ്ഥാപനം, നിർമാണം. | | | | | | | |
| തോട് പുനസ്ഥാപനം, നിർമാണം | | | | | | | |
| കിണർ ശുചീകരണം, നിർമാണം | | | | | | | |
| വിവിധതരം തടയണകൾ | | | | | | | |
| മഴക്കുഴി ഉൾപ്പെടെ വിവിധ ജല റീചാർജിങ്ങ് നിർമിതികൾ | | | | | | | |
| വിവിധ ഭൂസംരക്ഷണ പ്രവൃത്തികൾ | | | | | | | |
| ക്വാറികളുടെ ജല സംഭരണം, വിനിയോഗം. | | | | | | | |
| ജലദുർവ്യയം ഒഴിവാക്കൽ | | | | | | | |
| ജല ബഡ്ജറ്റിംങ്ങ്, ആഡിറ്റ് | | | | | | | |
| പാഴ്ജലപുനരുപയോഗം | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജലവിനിയോഗ ക്രമീകരണം | | | | | | | |
| ആവാഹപ്രദേശ സംരക്ഷണം | | | | | | | |
| ജലഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം | | | | | | | |
| പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്തുള്ള മറ്റു പ്രവൃത്തികൾ | | | | | | | |
| തനത് വൃക്ഷങ്ങൾ നടൽ | | | | | | | |

ഇത്തരത്തിൽ രൂപപ്പെടുത്തുന്ന മാസ്റ്റർപ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികളുടെ സാങ്കേതിക മികവു ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട വകുപ്പുകളുടെ സാങ്കേതിക സമിതിയിലെ അംഗങ്ങൾക്കായിരിക്കും. അധികസാങ്കേതിക സഹായം ആവശ്യമുള്ള വിഷയങ്ങളിൽ DLTC യുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുടെ സേവനം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സംഘടിപ്പിക്കുന്നതാണ്. ഇത്തരത്തിൽ രൂപപ്പെടുന്ന ബ്ലോക്കുതല മാസ്റ്റർപ്ലാനുകൾ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ നിർദേശങ്ങൾ സാങ്കേതിക അടിസ്ഥാനത്തിൽ പരിഗണിച്ച് മാറ്റംവരുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം വരുത്തി BLTC ജില്ലാപ്ലാനിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം BLTC കൺവീനർമാർ നിർവഹിക്കേണ്ടതാണ്. ഇതും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സമയപ്രകാരം കൃത്യമായി നടക്കുന്നു എന്ന് മിഷന്റെ ജില്ലാകോ-ഓർഡിനേറ്റർമാർ ഉറപ്പാക്കണം.

### 7.3.5. ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാനുകൾക്ക് അംഗീകാരം

മാസ്റ്റർപ്ലാനുകൾക്ക് ജില്ലാപ്ലാനിങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. മിഷന്റെ ജില്ലാകോ-ഓർഡിനേറ്റർമാരും ജില്ലാസാങ്കേതിക സമിതിയുടെ കൺവീനറും ഇതിനു നേതൃത്വം നൽകും. അധിക സാങ്കേതിക സഹായം ആവശ്യമുള്ള വിഷയങ്ങളിൽ അത് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാകൺവീനർമാർ നിർവഹിക്കും. മാസ്റ്റർപ്ലാനുകൾക്ക് അംഗീകാരം നൽകുമ്പോൾ അതാതു വർഷത്തെ ബഡ്ജറ്റ് വിഹിതം നോക്കേണ്ടതില്ല. ഇപ്രകാരം അംഗീകാരം ലഭിച്ച മാസ്റ്റർ ബ്ലോക്ക്തല മാസ്റ്റർപ്ലാനിൽ നിർദേശിച്ചിട്ടുള്ള ചില പ്രവർത്തനങ്ങൾക്ക് കൂടുതൽ സാങ്കേതിക പഠനങ്ങളോ, പരിസ്ഥിതി ആഘാതപഠന (EIA) മോ നടത്തേണ്ടതുണ്ടെങ്കിൽ അതിനുള്ള സഹായം സംസ്ഥാനമിഷൻ നിർവഹിക്കുന്നതാണ്. കാലക്രമത്തിൽ ബ്ലോക്ക്തല മാസ്റ്റർപ്ലാനുകൾ സംയോജിപ്പിച്ച് ജില്ലാതല മാസ്റ്റർപ്ലാൻ തയാറാക്കുകയും തുടർന്ന് അവയെ നദീതട അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് നദീതടപ്ലാനുകൾ രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അത് അടുത്തഘട്ടത്തിൽ നിർവഹിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ ഘട്ടത്തിൽ സംസ്ഥാന ജലഉപമിഷൻ വേണ്ട നിർദേശങ്ങൾ ലഭ്യമാക്കുന്നതാണ്.

### 7.3.6 പദ്ധതിരൂപീകരണം

ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാനുകൾക്ക് അംഗീകാരം ലഭിച്ചാൽ ഓരോവകുപ്പും/ ഏജൻസിയും ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾ അവർ ഏറ്റെടുക്കണം. ഇതിനായി ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങളിലായി സ്ഥിതിചെയ്യുന്ന നീർത്തടങ്ങളുടെ മേൽനോട്ടം BLTCയും ഒരു പഞ്ചായത്തിൽ ഒതുങ്ങിനിൽക്കുന്ന നീർത്തടത്തിന്റെ മേൽനോട്ടം GPLTC/MLTC-യും നിർവഹിക്കണം. അതോടൊപ്പം ഒരു ഗ്രാമപ്പഞ്ചായത്/ നഗരസഭാപ്രദേശത്ത് നടക്കുന്ന പ്രവൃത്തികളുടെ മുഴുവൻ കോ-ഓർഡിനേഷൻ ചുമതല GPLTC/MLT ക്കായിരിക്കും. ഓരോവകുപ്പും/ഏജൻസിയും ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ വിശദമായ പദ്ധതിരൂപരേഖ അതാത് വകുപ്പുകൾ/ഏജൻസികൾ തയാറാക്കണം. അതതു വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായാണ് വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കേണ്ടതും നിർവഹണത്തിന് അംഗീകാരം വാങ്ങേണ്ടതും. പദ്ധതികൾക്ക് രൂപം നൽകുമ്പോൾ അതിന്റെ ഫലത്തെപ്പറ്റി ധാരണയുണ്ടാക്കേണ്ടതാണ്. ഫലപ്രാപ്തിയിലെത്തി എന്നുറപ്പാക്കുന്നതിനുള്ള സൂചകങ്ങൾ മുൻകൂട്ടിനിശ്ചയിക്കേണ്ടതും അവ പദ്ധതി രൂപരേഖയുടെ ഭാഗമാക്കേണ്ടതുമാണ്. ഒരു പദ്ധതിയുടെ നിർവഹണത്തിന് ആവകുപ്പിന്റെ/ഏജൻസിയുടെ മാത്രം ബഡ്ജറ്റ് വിഹിതം തികയാതെ വന്നാൽ ചില പ്രവൃത്തികൾ മറ്റു വകുപ്പുകളുടെ/ഏജൻസികളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ചെയ്യാനാകുമോ എന്ന് GPLTC/MLTC പരിശോധിക്കണം. അപ്രകാരം സാധിക്കില്ല എങ്കിൽ അതതുവകുപ്പ് തലവന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അധിക വിഭവ സമാഹരണത്തിന് ശ്രമിക്കേണ്ടതുമാണ്.

വിവിധ വകുപ്പുകൾ ഏകോപനത്തോടെ ചെയ്യേണ്ട പ്രവർത്തനങ്ങളും വകുപ്പുകൾ സ്വതന്ത്രമായി ചെയ്യേണ്ട പദ്ധതികളും ഉണ്ടാകാം. ഓരോ വകുപ്പിന്റെയും നിയന്ത്രണത്തിൽ ഉള്ള പദ്ധതികൾക്ക് അതാതുവകുപ്പുകൾ പ്ലാനുകൾ തയാറാക്കേണ്ടതാണ്. ഇത്തരം പ്ലാനുകൾ സംയോജിപ്പിച്ച് സമഗ്രമായ പദ്ധതിയായും തയാറാക്കാവുന്നതാണ്. കൺവീനർമാർ ഏകോപനത്തിനു സഹായം നൽകും. മണ്ണൊലിപ്പ് തടയുന്നതിനും, മണ്ണടിച്ചിൽ (Siltation) ഒഴിവാക്കുന്നതിനും ഭൗമോപരിതലത്തിലും ഭൂഗർഭത്തിലും പരമാവധി ജലസംഭരണം വർധിപ്പിക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ്പദ്ധതി ഉൾപ്പടെയുള്ള കേന്ദ്രാവിഷ്കൃതപദ്ധതികളുടെ ഫലപ്രദമായ സമന്വയം ഉറപ്പാക്കുന്നതിനാണ് ആദ്യ മുൻഗണന. കൂടുതൽ സാങ്കേതികത ആവശ്യമുള്ള പദ്ധതികൾ ജലവിഭവവകുപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുന്നതാണ് ഉചിതം. ഇതുമല്ലെങ്കിൽ ത്രിതലപഞ്ചായത്തുകളുടെയോ നഗരസഭകളുടെയോ ഫണ്ട് കണ്ടെത്തണം. ഭൂഗർഭജല സംരക്ഷണവും, വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഹൈഡ്രോജിയോളജിസ്റ്റിന്റെയും (Hydrogeologist) ആവശ്യമെങ്കിൽ ജിയോഫിസിസിസ്റ്റിന്റെയും (Geophysicist) വിദഗ്ധാഭിപ്രായം സ്വരൂപിക്കേണ്ടതാണ്.

### 7.3.7 നിർവഹണം

അംഗീകരിച്ച പദ്ധതികൾ അത് നടപ്പിലാക്കുന്ന വകുപ്പുകളുടെ നിർവഹണ ചട്ടങ്ങൾക്ക് വിധേയമാണ് പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ അറിവോടെയും മേൽനോട്ടത്തിലും ആവണം നിർവഹണം നടക്കേണ്ടത്. പദ്ധതിക

ളുടെ നിർവഹണത്തിന് ശേഷം നിർമിതികളുടെ പരിപാലനം പ്രാദേശികമായി നടക്കണം എന്നതിനാൽ ഒരോ പ്രവൃത്തിയുടെയും നിർവഹണഘട്ടത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം നിർണായകമാണ്.അതോടൊപ്പം പ്രാദേശിക സമൂഹം ഈ നിർമിതികൾ ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഇവ സംരക്ഷിക്കപ്പെടുകയും സുസ്ഥിരമായി നിലനിൽക്കുകയും ചെയ്യുകയുള്ളൂ എന്നതിനാൽ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തവും നിർണായകമാണ്. ഓരോ പദ്ധതിയുടെ നിർവഹണഘട്ടത്തിലും എവിടെയൊക്കെ ജനങ്ങളുടെ സന്നദ്ധപ്രവർത്തനവും സാമ്പത്തിക സഹായവും സ്വരൂപിക്കാനാവുമോ, അതു പരമാവധി പ്രയോജനപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണസമിതിയുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. ഇതിനുവേണ്ട കോ-ഓർഡിനേഷൻ സാങ്കേതിക സമിതിയും വിശിഷ്യാ അതിന്റെ കൺവീനറും നിർവഹിക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ ജനപ്രതിധികളുടെ നേതൃത്വത്തിൽ പ്രദേശവാസികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപികരിച്ചു പ്രവർത്തിക്കുന്നതും ഉചിതമായിരിക്കും.

### 7.3.8 നിരീക്ഷണവും അവലോകനവും

ഓരോ പദ്ധതിയും ലക്ഷ്യമിട്ടിട്ടുള്ള ഗുണഫലങ്ങളും പദ്ധതി നിർവഹണ ഘട്ടത്തിലെ നാഴികക്കല്ലുകളും അവയുടെ സമയക്രമവും പദ്ധതി അടങ്കലും നിർവഹണ സംവിധാനം സംബന്ധിച്ച വിവരങ്ങളും ചുമതല വഹിക്കുന്ന നിർവഹണ ഉദ്യോഗസ്ഥന്റെപേരു-വിവരങ്ങളും പ്രസിദ്ധപ്പെടുത്തേണ്ടാതാണ്. പ്രാദേശികതലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനം രൂപീകരിക്കുന്നതും ഉചിതമായിരിക്കും. നിർവഹണഘട്ടത്തിൽ ഉണ്ടായേക്കാവുന്ന പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇത്തരം സംവിധാനങ്ങൾ സഹായകമാകും. നിർവഹണഘട്ടത്തിൽ ഉണ്ടായേക്കാവുന്ന സാങ്കേതിക പ്രശ്നങ്ങൾ GPLTC/MLTC കൂട്ടായി പരിഹരിക്കേണ്ടതാണ്. ഉയർന്ന തലത്തിൽ നിന്നുള്ള ഇടപെടൽ ആവശ്യമുണ്ടെങ്കിൽ സാങ്കേതിക സമിതി കൺവീനർ ജലവിഭവവകുപ്പ് തലത്തിലോ, ഹരിതകേരളം മിഷൻ തലത്തിലോ സമീപിച്ച് നിർദേശം തേടേണ്ടതാണ്. ഓരോ പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങളും, പ്രതീക്ഷിതനേട്ടങ്ങളും സാക്ഷാത്കരിക്കുന്നുണ്ടോ എന്ന് ഓരോഘട്ടത്തിലും പരിശോധിക്കുകയും പോരായ്മകൾ പരിഹരിച്ച് മുൻപോട്ടു പോകുന്ന സമീപനം നിരീക്ഷണ ഘട്ടത്തിൽ സ്വീകരിക്കേണ്ടതുമാണ്. ഇതിനായി പദ്ധതി തുടങ്ങുന്നതിനു മുൻപുള്ള നിർണായക സ്ഥിതി വിവരക്കണക്ക്, പദ്ധതിയുടെ കൃത്യമായ ഉദ്ദേശലക്ഷ്യങ്ങൾ, നേട്ടങ്ങൾ/ഫലങ്ങൾ (output), ഫലപ്രാപ്തി (outcome) എന്നിവ ഓരോന്നും കൃത്യമായി നിരീക്ഷണത്തിന് വിധേയമാക്കണം. നിരീക്ഷണ ഫലങ്ങൾ അവലോകനം ചെയ്തു തെറ്റുകുറ്റങ്ങൾ അതതുസമയങ്ങളിൽ പരിഹരിക്കേണ്ടതാണ്. പദ്ധതികൾ പൂർത്തിയാകുന്നമുറയ്ക്ക് സോഷ്യൽഓഡിറ്റ് നടത്തേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ ലഭിച്ച സാമൂഹികവും നൈതികവുമായ നേട്ട-കോട്ടങ്ങൾ വിശകലനം ചെയ്യുകയും നേട്ടങ്ങൾ വർധിപ്പിക്കുന്നതിനും കോട്ടങ്ങൾ പരിഹരിക്കുന്നതിനുമുള്ള നിർദേശങ്ങൾ സ്വരൂപിക്കുകയുമാണ് ഇതിലൂടെ നിർവഹിക്കപ്പെടുന്നത്. ഏറ്റെടുത്ത പ്രവൃത്തികൾ എത്രമാത്രം കാര്യക്ഷമതയോടെ നിർവഹിക്കപ്പെട്ടു എന്നും ഈ പ്രവൃത്തിയിലൂടെ ലക്ഷ്യമിട്ട പ്രയോജനം സാമൂഹത്തിന് ലഭിച്ചോ എന്നും ഇതിലൂടെ പരിശോധിക്കപ്പെടും. മിഷന്റെ ജില്ലാകോ-ഓർഡിനേറ്റർമാർ ജില്ലാസാങ്കേതികസമിതി കൺവീനറുമായി ചർച്ച ചെയ്തു ഇതിനുവേണ്ട ക്രമീകരണം

നടത്തും. നിരീക്ഷണ അവലോകനത്തിനായി സാങ്കേതിക വിദ്യയുടെ സഹായം തേടേണ്ടതാണ്.

## 8. രണ്ടാംഘട്ടപ്രവർത്തനം-നദീതടഏകോപനം

നദീതടത്തിലെ ജലാവശ്യകതവർധിക്കുന്നതിനനുസരിച്ച് നീരൊഴുക്ക് വർധിപ്പിക്കുകയും നദിയുടെ വിഭവശേഷിക്കനുസൃതമായി ജലോപയോഗം നിയന്ത്രിക്കുകയും വേണം. ഇതിനായി കേരളത്തിലെ ഓരോ നദീതടത്തിന്റെയും പാരിസ്ഥിതിക സമ്പൂർണത നിലനിർത്തേണ്ട തുണ്ട്. അധ്യായം 7-ൽ വിവരിച്ചതുപോലെ ഓരോ തദ്ദേശഭരണസ്ഥാപനവും അവരവരുടെ പ്രദേശത്തുള്ള നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും അതിലൂടെ പ്രാദേശിക ജലസുരക്ഷ ഉറപ്പാക്കാനും തയാറാക്കുന്ന പദ്ധതികൾ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് നദീതടത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതാണ്. ഇതിനായി ഓരോ ചെറുനീർത്തടങ്ങളുടെയും പരിപാലനപദ്ധതികൾ നീർത്തട സംരക്ഷണത്തിന്റെ അടിസ്ഥാന സമീപനമായ കുന്നിൻ മുകളിൽ നിന്ന് താഴ്വരയിലേക്ക് 'Ridge to Valley' എന്ന രീതിയിൽ സംയോജിപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണം. ജില്ലാതല സാങ്കേതിക സമിതികളുടെ സഹായത്തോടെ ജലമിഷന്റെ സംസ്ഥാനകർമസമിതിയുടെ നേതൃത്വത്തിൽ നീർത്തടമാസ്റ്റർപ്ലാനുകളെ ഏകോപിപ്പിച്ച് നദീതടപ്ലാനുകൾക്കു രൂപം കൊടുക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളുടെ തുടക്കം ഒരു നദീതട കൺവൻഷൻ വിളിച്ച് ചേർത്ത് ആരംഭിക്കാവുന്നതാണ്. ഒരു നദീതടത്തിൽ വരുന്ന തദ്ദേശഭരണസ്ഥാപനങ്ങളെ എല്ലാം ആ നദീതടത്തിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുകയും അതിലൂടെയുണ്ടാകുന്ന ജനകീയ തീരുമാനങ്ങളും ആവേശവും ഉൾക്കൊണ്ടുകൊണ്ട് ഓരോ ചെറുനീർത്തടത്തിലും തയാറാക്കിയിട്ടുള്ള പദ്ധതികൾ നീർത്തട സമീപനത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുകയും ചെയ്താൽ നീർത്തടങ്ങളുടെ സംരക്ഷണവും ശുചീകരണവും സാധ്യമാകും. കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന ഉപനദികളുടെയും കായലുകളുടെയും പ്രത്യേകപ്രശ്നങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനപദ്ധതികൾ സംസ്ഥാനതലത്തിൽ മിഷൻ രൂപപ്പെടുത്തുന്നതാണ്.

# അനുബന്ധം-1

## ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പൽ ജനപ്രതിനിധികൾക്കുള്ള ചോദ്യാവലി

1. ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പാലിറ്റി .................................. വാർഡ് നം. പേര്.......................
2. താങ്കളുടെ വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശം ഉണ്ടോ?. ഉണ്ട്/ഇല്ല
3. ഉണ്ടെങ്കിൽ വിശദാംശങ്ങൾ

| | |
|---|---|
| പ്രദേശം | |
| കുടിവെള്ള ക്ഷാമമുള്ള മാസങ്ങൾ | |
| ഉദ്ദേശം എത്ര കുടുംബങ്ങളെ ബാധിക്കുന്നു | |
| ഈ പ്രദേശത്ത് ഇപ്പോഴുള്ള കുടിവെള്ള സ്രോതസ് | |
| ഇപ്പോഴുള്ള കുടിവെള്ളത്തിന് ഗുണനിലവാരത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടോ? ഉണ്ടെങ്കിൽ എന്ത്? | |

4. പ്രാദേശികമായി ഇപ്പോൾ ലഭ്യമായ ഏതെങ്കിലും സ്രോതസ് മെച്ചപ്പെടുത്തി മേൽപ്പറഞ്ഞ പ്രശ്നം പരിഹരിക്കാൻ കഴിയുമോ? വിശദമാക്കുക.
5. മേൽ പ്രശ്നം പരിഹരിക്കാനുള്ള മറ്റു പ്രായോഗിക നിർദേശങ്ങൾ.
6. ഒഴുകിപ്പോകുന്ന മഴവെള്ളം തടഞ്ഞു നിർത്തി സംഭരിക്കാനുതകുന്ന പുരയിടം, വയൽ, കരിങ്കൽ ക്വാറികൾ, വെട്ടുകൽ കുഴികൾ, തുടങ്ങിയവ ഉണ്ടെങ്കിൽ എവിടെയെന്നു വ്യക്തമാക്കുക.
7. വാർഡിലെ പൊതുകിണറുകൾ സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നം | പൊതുകിണറുള്ള സ്ഥലം | ഉപയോഗ യോഗ്യമാണോ? അല്ലയോ? | അല്ലെങ്കിൽ എങ്ങനെ ഉപ യോഗയോഗ്യമാക്കാം |
|---|---|---|---|
| | | | |

8. വാർഡിലെ പൊതുകുളങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| കുളത്തിന് പ്രാദേശികമായി അറിയപ്പെടുന്ന പേര് | ഇപ്പോഴുള്ള ഉപയോഗം (ജലസേചനം, മത്സ്യകൃഷി, കുടിവെള്ളം, ഗാർഹിക ഉപ യോഗം മുതലായവ | വറ്റുന്നത്/ വറ്റാത്തത് | പ്രശ്നങ്ങൾ: മണ്ണടിഞ്ഞത്, വശങ്ങൾ ഇടിയുന്നു, പായൽ, കയ്യേറ്റം, മാലിന്യം, അഴുക്കുവെള്ളം ഒലിച്ചിറങ്ങുന്നു, തോട്ടിലേക്കുള്ള outlet ഇല്ല, മറ്റെന്തെങ്കിലും |
|---|---|---|---|
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| | | | |

മേൽപ്പറഞ്ഞ കുളങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ എന്തൊക്കെ നിർദേശങ്ങൾ ഉണ്ട്? (ഉദാഹരണം: ഒരു ഗ്രൂപ്പിന് മത്സ്യകൃഷിക്ക് കരാർ നൽകുക, കുളത്തിനോട് ചേർന്ന് പാർക്ക് /ഉദ്യാനം, കുളത്തിലെ വെള്ളം ഉപയോഗിച്ച് ഗ്രൂപ്പ് ഫാമിംങ്ങ് തുടങ്ങി പ്രായോഗിക നിർദേശങ്ങൾ താഴെ കാണുന്ന പട്ടികയിൽ വ്യക്തമാക്കുക)

| കുളത്തിന്റെ പേര് | നിർദേശങ്ങൾ |
|---|---|
| | |
| | |

9. മറ്റു ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ:

| ജലസ്രോതസ്സുകളുടെ സ്ഥലം | ട്രസ്റ്റുകൾ/സ്വകാര്യം മുതലായവ | ഉപയോഗം |
|---|---|---|
| | | |
| | | |
| | | |

10. പുതിയ കുളം/ജലസ്രോതസ്സ്/തടയണ നിർമിക്കുവാനുള്ള സാധ്യത സംബന്ധിച്ച വിശദാംശങ്ങൾ

| സ്ഥലം | പൊതുസ്ഥലം ലഭ്യമാണോ? ഇല്ലെങ്കിൽ എങ്ങിനെ സ്ഥലം കണ്ടെത്താം? | പ്രയോജനം (എത്രപേർക്ക്? എങ്ങിനെ?) |
|---|---|---|
| | | |
| | | |
| | | |

ജനപ്രതിനിധിയുടെ പേര്:

ജനപ്രതിനിധിയുടെ ഒപ്പ്:

തീയതി:

# അനുബന്ധം-2

## ജലസംരക്ഷണം വിവരശേഖരണത്തിനുള്ള ചോദ്യാവലി

1. ജില്ല
2. താലൂക്ക്
3. നദീതടം (River Basin)
4. ഉപനദീതടം (Sub Basin)
5. നീർത്തടം (Watershed with Index No)(Code No.)
   (a) ഉയർപ്രദേശം (High Land)
   സമതലം (Mid Land)
   താഴ്ന്നപ്രദേശം (Low Land) ഇവയിൽ ഏതു പ്രദേശമാണ്?
6. ഗ്രാമപ്പഞ്ചായത്ത് വാർഡുകൾ:
7. ബ്ലോക്ക് പഞ്ചായത്ത്:
8. ഏതെങ്കിലും ജലസേചന പദ്ധതിയുടെ ആയക്കെട്ടിൽപെടുന്ന പ്രദേശമാണോ? (ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെ)
   (a) ആണെങ്കിൽ ഏതു പദ്ധതി, കനാലിന്റെപേര്, ഡിസ്ചാർജ്, ജലസേചന കലണ്ടർ, ഏതുമാസങ്ങളിൽ ജലവിതരണം നടത്തുന്നു.
9. കുളങ്ങളുടെ വിശദാംശങ്ങൾ
   1. പേര്, വിസ്തൃതി
   2. പൊതുകുളം/സ്വകാര്യകുളം (ക്ഷേത്ര/പള്ളി/ട്രസ്റ്റ് പ്രത്യേകം രേഖപ്പെടുത്തുക)
   3. ചിറ, നീർച്ചാലുകൾ, സുരംഗം
   4. കുളത്തിൽ ജലം ലഭ്യമല്ലാത്ത മാസങ്ങൾ
   (a). ഏതെങ്കിലും കനാലുമായി ബന്ധിപ്പിക്കാൻ (പൈപ്പ് മുഖേനയോ, കനാൽ വഴിയോ) സാധ്യമാണോ?
   (b). മറ്റേതെങ്കിലും ജലസ്രോതസ്സുമായി ബന്ധിപ്പിക്കാൻ കഴിയുമോ?
10. സ്വാഭാവിക ജലാശയങ്ങൾ, ചതുപ്പുകൾ, കാവുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
11. വെള്ളക്കെട്ട് അനുഭവപ്പെടുന്ന പ്രദേശമാണോ?
   (മ). ആണെങ്കിൽ ഡ്രെയിനേജ് സംവിധാനം നിർമിക്കുതിനുള്ള വിവരങ്ങൾ
   (യ). വെള്ളക്കെട്ട് അനുഭവപ്പെടുങ്കിൽ നെൽവയൽ/ചതുപ്പ്/സാധാരണ പ്രദേശം വെള്ളക്കെട്ട് പ്രദേശത്തിന്റെ വിസ്തൃതി ഉടമസ്ഥരുടെ എണ്ണം സമീപത്ത് കനാലുകൾ, നീർച്ചാലുകൾ, തോടുകൾ ഇവ നിലവിലുണ്ടോ? വെള്ളത്തിന്റെ ലഭ്യത കുറഞ്ഞ പ്രദേശങ്ങൾ സമീപത്തുണ്ടോ?
12. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.
13. കൃഷിക്ക് വെള്ളം ലഭ്യമാക്കാൻ പദ്ധതികൾ സാധ്യമാണാ? (ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ചീർപ്പ് തുടങ്ങിയവയുടെ നിർമാണം വഴി)
14. നിലവിൽ കൃഷിക്ക് ആവശ്യമായ വെള്ളത്തിന് ദൗർലഭ്യമുണ്ടോ?

15. Cropping Pattern change , Sprinkler, Drip Irrigation എന്നിവ വഴി ജലഉപയോഗം കുറയ്ക്കുവാൻ സാധ്യതയുണ്ടോ?
16. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണോ?
17. മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടാ? ഉണ്ടെങ്കിൽ അവ തൃപ്തികരമാണോ?
18. പ്രദേശത്തെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ?
19. ഉപ്പുവെള്ളം കയറുന്ന പ്രദേശമാണോ?
20. (a). പുതുതായി ജലസംഭരണികൾ നിർമിക്കുന്നതിന് സാധ്യതയുണ്ടോ?
    (b). പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ഉപയോഗശൂന്യമായ പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ.
21. കുഴൽ കിണറുകളുടെ എണ്ണം.
22. സ്വാഭാവിക വനമുണ്ടെങ്കിൽ അതിന്റെ വിസ്തൃതി
23. തരിശായി കിടക്കുന്നഭൂമി.
24. വൃക്ഷവൽക്കരണത്തിനുള്ള സാധ്യത
25. മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങൾ

**അധിക വിവരശേഖരണം**

1. വിളകൾ- upland, midland, low land
2. മൺതരങ്ങൾ
3. നീർവാർച
4. ചരിവ് (കുഴിയുമെങ്കിൽ എത്ര ശതമാനം. അല്ലെങ്കിൽ കൂടിയത്, മിതം, കുറഞ്ഞത്, നിരപ്പ്)
5. പ്രധാന ചാലിന്റെ ജലലഭ്യത എത്രനാൾ. ഇതിലേക്ക് വന്നുചേരുന്ന കൈത്തോടുകൾ/ചെറുചാലുകൾ.
6. കൂടുതൽ ജനസാന്ദ്രതയുള്ള മേഖലകൾ
7. പ്രധാന കുടിവെള്ള സ്രോതസ്സ്
8. കിണറിന്റെ ആഴം - upland, midland, low land
9. കിണർ വറ്റുന്ന മാസങ്ങൾ
10. പൊതുകിണർ
11. വ്യാവസായിക ആവശ്യത്തിന് ജലഉപയോഗം ഉണ്ടോ?
12. പ്രാദേശികമായി സ്വീകാര്യതയുള്ള പ്രവൃത്തികൾ

# അനുബന്ധം-3

## ഹരിതകേരളം മിഷൻ, ജല ഉപമിഷൻ, കർമസേന ഇവയുടെ ഘടന

### 1. ഹരിതകേരളം - സംസ്ഥാന മിഷൻ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹാധ്യക്ഷന്മാർ | : | തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം(3) |
| ഉപാധ്യക്ഷന്മാർ | : | ധനകാര്യം, ആരോഗ്യം, വനംവകുപ്പ് മന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും (4) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ | : | ഡോ. ടി.എൻ.സീമ, മുൻ എം.പി. |
| സാങ്കേതിക ഉപദേഷ്ടാവ് | : | ഡോ. അജയകുമാർ വർമ |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി<br>2. തദ്ദേശ സ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, വനം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവരസാങ്കേതികം, ശാസ്ത്ര-സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ (12)<br>3. ഗ്രാമപ്പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻന്മാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല<br>5. സർക്കാരിന്റെ ഡെവലപ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

**2. ജില്ലാ മിഷൻ**

സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിയക്കുമെങ്കിലും ജില്ലാ തലത്തിൽ നാല് വികസന മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂ.

അധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

അംഗങ്ങൾ :

1. ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ
2. രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)
3. മേയർ
4. ജില്ലയിൽ നിന്നുള്ള എം.എൽ.എ. മാർ
5. മുനിസിപ്പൽ ചെയർപേഴ്സന്മാരുടെ ചേമ്പർ നാമനിർദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസി യേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
7. ഗ്രാമപ്പഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാപഞ്ചായത്തിലെ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർ പേഴ്സന്മാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ളാനിങ്ങ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്
18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ
19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
21. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം
23. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
24. 4 മിഷനുകളുടേയും ജില്ലാ കോ-ഓർഡിനേറ്റർമാർ

മിഷൻ സെക്രട്ടറി &ചീഫ്
കോ–ഓർഡിനേറ്റർ : ജില്ലാ കളക്ടർ &മെമ്പർ സെക്രട്ടറി,
ജില്ലാ ആസൂത്രണ സമിതി

### 3. മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ : മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ

അംഗങ്ങൾ :
1. എല്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സന്മാരും
2. ആസൂത്രണ സമിതി വൈസ് ചെയർപേസഴ്സൺ
3. സി.ഡി.എസ്സുകളുടെ ചെയർപേഴ്സന്മാർ
4. വാർഷികപദ്ധതി തയ്യാറാക്കുതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചെയർപേഴ്സന്മാരും വൈസ് ചെയർപേഴ്സന്മാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം-ശുചിത്വം, വിദ്യാഭ്യാസം)
5. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി: മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി

### 4. ബ്ലോക്ക് മിഷൻ

ബ്ലോക്ക്തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അധ്യക്ഷൻ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.മാർ
2. ബ്ലോക്ക് പരിധിയിൽ നിുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബ്ളോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്മാർ
5. ബ്ളോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

മിഷൻ സെക്രട്ടറി : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

**5. ഗ്രാമപ്പഞ്ചായത്തുതല മിഷൻ**

ഗ്രാമപ്പഞ്ചായത്തുതലത്തിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ
2. എല്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സന്മാരും
3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ
4. സി.ഡി.എസുകളുടെ ചെയർപേഴ്സന്മാർ
5. വാർഷിക പദ്ധതി തയാറാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചെയർപേഴ്സന്മാരും വൈസ് ചെയർപേഴ്സന്മാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)
6. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി

**6. സംസ്ഥാനതല കർമസേന**

ചെയർപേഴ്സൺ : അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവം

പ്രത്യേക ക്ഷണിതാവ് : ഡോ. ടി.എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ:
1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ
2. ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് (കൺവീനർ)
3. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
4. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി &സോഷ്യൽ ഫോറസ്ട്രി)
5. ഡയറക്ടർ, കൃഷി വകുപ്പ്
6. ഡയറക്ടർ, സോയിൽ സർവേ &സോയിൽ കൺസർവേഷൻ
7. അഡീഷണൽ ഡയറക്ടർ, സോയിൽ കൺസർവേഷൻ
8. അഡീഷണൽ ഡയറക്ടർ, സോയിൽ സർവേ
9. ലാൻഡ്യൂസ് കമ്മീഷണർ
10. മാനേജിംങ്ങ് ഡയറക്ടർ, കേരള ജല അതോറിറ്റി
11. ഡയറക്ടർ, ഭൂജല വകുപ്പ്
12. ഡയറക്ടർ, പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പ്

13. ഡയറക്ടർ, സി.ഡബ്ളിയു.ആർ.ഡി.എം.
14. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്
15. ഹെഡ്, അക്കാദമി ഓഫ് ക്ലൈമറ്റ് ചേയ്ഞ്ച്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി
16. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
17. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൻമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, ജലസമൃദ്ധി

**7. ജില്ലാതല കർമസേന**

ഹരിതകേരളം മിഷൻ സംസ്ഥാനതലത്തിൽ വിഷയമേഖലാടിസ്ഥാനത്തിൽ മൂന്നു കർമ സേനകൾ ഉണ്ടാകുമെങ്കിലും ജില്ലാ തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടന യിൽ ഒരു കർമസേന മാത്രമേ ഉണ്ടാകുകയുള്ളൂ. എന്നിരുന്നാലും വിഷയ മേ ഖലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കാവുതാണ്.

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :

1. ജില്ലാ പ്ലാനിങ്ങ് ഓഫീസർ (കൺവീനർ)
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ
3. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ.
5. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം
7. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
8. പ്രോജക്ട് ഡയറക്ടർ, ആത്മ
9. കൃഷി വിജ്ഞാൻ കേന്ദ്രയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ
10. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ
11. ജില്ലാ സോയിൽ സർവേ ഓഫീസർ
12. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്
13. എൻവയോൺമെന്റൽ എഞ്ചിനീയർ, മലനീകരണ നിയന്ത്രണ ബോർഡ്. ജില്ലാ ഓഫീസ്
14. എൻ.എസ്.എസ്, ജില്ലാ കോ-ഓർഡിനേറ്റർ.
15. ജില്ലാ നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്.
16. ഫാം ഫോറസ്ട്രിയുടെയും സോഷ്യൽ ഫോറസ്ട്രിയുടെയും ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

17. ജില്ലാ കോ-ഓർഡിനേറ്റർ, സാക്ഷരതാ മിഷൻ
18. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്
19. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (2) (ജില്ലാ മിഷൻ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്)
20. റിസോഴ്സ് പേഴ്സൻമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ